# KSSiA NEWS

www.kssia.com

വ്യവസായ മാസിക

kssianews@gmail.com e-magazine


JOURNAL OF THE KERALA STATE SMALL INDUSTRIES ASSOCIATION. June 2026. ₹5.00

VOL. 10 - ISSUE NO.12 - DATE OF PUBLICATIONS 25TH JUNE, 2026 - NO.KERBIL/2005/23143 - TOTAL PAGES: 24




## വ്യവസായിക പുരോഗതിക്ക് മാറ്റത്തിന്റെ പുതുവഴികൾ

### കേന്ദ്ര പദ്ധതികളും, സംസ്ഥാന ബഡ്ജറ്റും. ഒരു അവലോകനം




KERALA STATE INDUSTRIAL DEVELOPMENT
CORPORATION LIMITED

www.ksidc.org

**THE KERALA STATE SMALL INDUSTRIES ASSOCIATION**
Building No. X/26A, HMT Industrial Estate,
Kalamassery - 683 503. ✆ 94963 60300
kssiastate@gmail.com, www.kssia.com

**STATE OFFICE BEARERS**

**State President**
A. Nizarudeen
Kollam. ✆ 94477 10078
✉ nazwoodind@gmail.com

**General Secretary**
Joseph Paikada
Kannur. ✆ 94972 24422
✉ josephpaikada@gmail.com

**State Vice Presidents**
P. J. Jose
Cochin. ✆ 98460 53553
✉ info@manoramasalescorporation.com

A. Fasiludeen
Trivandrum. ✆ 94007 04000
✉ fthoppil@yahoo.com

A.V. Sunilnath
Kozhikode. ✆ 93497 44145
✉ sunilnath@walkaroogroup.com

**State Treasurer**
Jayakrishnan B.
Idukki. ✆ 94475 30569
✉ jayakrishnantoyo@yahoo.co.in

**State Joint Secretaries**
M.S. Anaz
Alappuzha. ✆ 98470 42743

M.M. Mujeeb Rahiman
Ernakulam. ✆ 94477 36134

Anvar.K.V.
Malappuram. ✆ 93499 35511

**Editorial Board**

**Chief Editor**
S. Salim
Kollam, ✆ 93873 05751
✉ md@unicornplywoods.com

**Members**
A. Nizarudeen ..... ✆ 94477 10078
Joseph Paikada..... ✆ 94972 24422
Rajesh. G ........... ✆ 98957 03837
Anvar.K.V........... ✆ 93499 35511
Eshaque K.......... ✆ 98470 08185
Dr. K.M. Khalid.. ✆ 94460 34576

**Publisher**
A. Nizarudeen
✆ 94477 10078

**Printer**
Rajesh G.
✆ 98957 03837

**Printing, Cover Design & Layout**
Rajsree Industrial Printer,
Edayar. ✆ 0484-2559701, 2558538


## ഉള്ളടക്കം


➤ **എഡിറ്റോറിയൽ:** സംഘടനയും സോഷ്യൽ സെക്യൂരിറ്റി ഫണ്ടും. 3

➤ ചെറുകിട വ്യവസായ മേഖലയുടെ വികസനം – ലക്ഷ്യം വെച്ചുകൊണ്ടുള്ള ബഡ്ജറ്റ് – KSSIA........ 5

➤ ചെറുകിട വ്യവസായികൾ കേന്ദ്ര പദ്ധതികൾ പ്രയോജനപ്പെടുത്തുക........ 7

➤ സ്വന്തം ഭൂമി നൽകി ജോയിന്റ് വെഞ്ചറിൽ ഫ്ളാറ്റ് പണിയാൻ കരാറുകൾ ഉണ്ടാക്കുമ്പോൾ ഭൂവുടമകൾ വഞ്ചിക്കപ്പെടാതിരിക്കാൻ ജാഗ്രത പാലിക്കുക........ 8

➤ ഗവൺമെന്റ് അംഗീകൃത പ്രൈവറ്റ് വ്യവസായ പാർക്കുകൾ പുരോഗതിയുടെ സ്പന്ദനങ്ങൾ........ 11

➤ ഇനി വാഹന ഉടമകൾക്ക് കുറഞ്ഞ ചിലവിൽ ലൈഫ് ഇൻഷുർ ചെയ്യാം........ 13

➤ വ്യവസായങ്ങളിലെ വൈവിധ്യവൽക്കരണം........ 14

➤ മലബാറിലെ മരവ്യവസായികളുടെ പ്രതീക്ഷകൾ........ 16

➤ നിക്ഷേപ സൗഹൃദം, സുസ്ഥിര വികസനം : മാറും കേരളത്തിന്റെ വ്യവസായിക മുഖച്ഛായ........ 18


➤ ജില്ലാ വാർത്തകൾ........ 21



**KSSiA NEWS**
വ്യവസായ മാസിക
www.kssia.com
kssianews@gmail.com e-magazine
Journal of THE KERALA STATE SMALL INDUSTRIES ASSOCIATION -JUNE 2026 - ₹5.00


## എഡിറ്റോറിയൽ

## സംഘടനയും സോഷ്യൽ സെക്യൂരിറ്റി ഫണ്ടും.



എം. എസ്. എം. ഇ. മേഖലയിലെ ഉത്പ്പാദക രംഗത്തും, വ്യവസായ വികസനത്തിലും, മുഖ്യ പങ്ക് വഹിക്കുന്ന ഒന്നാണ് നമ്മുടെ സംഘടന. എന്നാൽ നമ്മുടെ സംഘടനയുടെ പേരിനും പെരുമയ്ക്കും ഒപ്പം സംഘടനയുടെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

നമ്മുടെ സംസ്ഥാനത്തിലെ എം. എസ്. എം. ഇ. മേഖലയിലെ എല്ലാ ഉൽപാദക യൂണിറ്റുകൾക്കും നാടിന്റെ സാമ്പത്തിക വികസനത്തിനും വേണ്ടിയാണ് സംഘടന പ്രവർത്തിക്കുന്നത്. ഒരുമയുടെ കരുത്ത് തിരിച്ചറിഞ്ഞ് എല്ലാ അംഗങ്ങളും സംഘടനയ്ക്ക് കീഴിൽ അണി നിരന്നാൽ വ്യവസായികൾക്കും സർക്കാരിനും നേട്ടമുണ്ടാകും എന്നതിൽ സംശയമില്ല.

സംഘടനയിൽ അംഗമായില്ലെങ്കിലും സർക്കാരിന്റെ വ്യവസായ ആനുകൂല്യങ്ങൾ കിട്ടുമല്ലോ എന്ന അലസമനോഭാവം യൂണിറ്റ് ഉടമകൾ ഉപേക്ഷിക്കണം എന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

എന്നാൽ നമ്മൾ വ്യവസായികൾ ഒരുമിച്ച് നിന്നാൽ വ്യവസായ ത്തിനും, വ്യവസായികൾക്കും ഏറെ ഗുണം ഉണ്ടാകും എന്നതിൽ സംശയമില്ല.

നമ്മുടെ ഒത്തുചേരൽ, സെമിനാർ, മീറ്റിങ്ങുകൾ, ചർച്ചകൾ, ഒരേ ശബ്ദത്തിൽ അവകാശങ്ങളും ആവശ്യങ്ങളും ഉന്നയിക്കൽ, അനുഭവ ങ്ങൾ പരസ്പരം പങ്കുവെയ്ക്കൽ ഇവകൊണ്ടുണ്ടാകുന്ന ഏറ്റവും വലിയ ഗുണം വ്യക്തിബന്ധങ്ങളും, വ്യവസായവും ശക്തിപ്പെടുത്താ നാവും എന്നതുതന്നെ.

സംഘടന വ്യവസായികളുടെ സാമൂഹിക സുരക്ഷയ്ക്ക് വേണ്ടി ഒരു സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. ഒരു വ്യവസായി ആകസ്മികമായി അന്തരിച്ചാൽ അദ്ദേഹത്തിന്റെ നിരാലംബമായ കുടുംബത്തിന് കൈത്താങ്ങായും, മാരകമായ അസുഖം ബാധിച്ചാൽ ചികിത്സയ്ക്കായി ഒരു തുകയും നൽകുക എന്നതാണ് ട്രസ്റ്റിന്റെ ലക്ഷ്യം.

ഒരംഗം മരിച്ചാൽ 1000 രൂപ വീതം എല്ലാ അംഗങ്ങളും നൽകണം. നമ്മുടെ സംഘടനയിൽ നേരിയതോതിൽ അംഗസംഖ്യ വർദ്ധന ഉണ്ടാ യെങ്കിലും സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ വർധന ഉണ്ടാകുന്നില്ല. നമുക്ക് ശേഷം തുടങ്ങിയ പല സംഘടനകളുടെയും സുരക്ഷാ ഫണ്ട് എല്ലാ വർഷവും വർധിച്ചുകൊണ്ടിരിക്കുന്നു. എന്തുകൊണ്ട് നമ്മുടെ അംഗസംഖ്യ വർദ്ധിക്കുന്നില്ല ചിന്തിക്കേണ്ടിയിരിക്കുന്നു. എന്റെ വ്യക്തിപരമായ ചിന്ത, അഭിപ്രായം റിട്ടയർമെന്റ് ഇല്ലാതെ എപ്പോൾ മരണപ്പെട്ടാലും കുടുംബത്തിന് ഈ തുക ലഭിക്കും എന്ന് വന്നാൽ അംഗസംഖ്യ വർദ്ധിച്ചേക്കാം അല്ലെങ്കിൽ മറ്റു മാർഗ്ഗം സ്വീകരിക്കണം.

എം. എസ്. എം. ഇ. മേഖലയിൽ ഇന്ത്യയിൽ ആദ്യമായി ഇങ്ങനെ അംഗങ്ങളുടെ സാമൂഹിക സുരക്ഷയ്ക്ക് വേണ്ടി ഒരു ട്രസ്റ്റ് രൂപീകരിച്ചത് നമ്മുടെ സംഘടനയാണ്. നമ്മുടെ അഭിമാനമാണ്. സംഘടനയും ട്രസ്റ്റും ചേർന്ന് അടിയന്തര തീരുമാനം എടുക്കണമെന്ന അഭ്യർത്ഥനയോടെ

**എസ് സലിം**
ചീഫ് എഡിറ്റർ

SINCE 1984®

CHILTON

we innovate

# GET YOUR CHILLER

# Free! IN 9 MONTHS.




## HEAT PUMP CHILLER

**SAVES**
**68% POWER**

**CHILLED WATER** + **FREE HOT WATER**


At the same time

**FACTORIES: KERALA, GUJARAT**

**CORPORATE OFFICE (KERALA)**

5th floor, Chilton Towers, Koonamthai, NH 544, Edapally P.O, Kochi, Kerala, India,
Pincode: 682 024.
Contact: 7994443021

chiltonmktg@chiltonindia.com www.chilton.solutions



# ചെറുകിട വ്യവസായ മേഖലയുടെ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള ബഡ്ജറ്റ് – KSSIA

**എ. നിസാറുദ്ദീൻ**
**സംസ്ഥാന പ്രസിഡന്റ്**

## പ്രസിഡൻഷ്യൽ റിപ്പോർട്ട്

ചെറുകിട വ്യവസായ മേഖലയുടെ വികസനം ലക്ഷ്യം വെച്ചുകൊണ്ടുള്ള സംസ്ഥാന ബഡ്ജറ്റിനെ കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ സ്വാഗതം ചെയ്യുന്നു.വ്യവസായവും ധാതുക്കളും മേഖലയ്ക്ക് മൊത്തം 1558 രൂപ നീക്കിവെച്ചിട്ടുണ്ട്. പുതിയ ചെറുകിട സംരംഭകരുടെ വികസനത്തിനായി 100 കോടി രൂപ നീക്കിവെച്ചതു ഈ മേഖലയിൽ പുതിയ നിക്ഷേപകർ കടന്നു വരാൻ സഹായകമാകും. സാമ്പത്തികമായി ബുദ്ധിമുട്ടുകൾ നേരിടുന്ന സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ചാലഞ്ച് ഫണ്ട്, പദ്ധതികൾക്ക് 100 കോടി വകയിരുത്തിയതു നിലവിൽ പീഡിതങ്ങളാകാൻ സാധ്യതയുള്ള സംരംഭകർക്ക് സഹായകരമാകും. ലോജിസ്റ്റിക് പാർക്കുകൾ, പ്രീട്രേഡ്സ് വെയർ ഹൗസിംഗ് സോണുകൾ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനു സഹായകരമായ 'ഇൻവെസ്റ്റ് കേരള' പദ്ധതി പ്രഖ്യാപനം പലിശ നിരക്ക് മുഖ്യമന്ത്രിയുടെ സംരംഭക സഹായ പദ്ധതിമൂലം ആറ് ശതമാനം പലിശ നിരക്കിൽ കെ. എഫ്. സി. യിൽ നിന്നുള്ള വായ്പാ പദ്ധതി തുടങ്ങിയവ വ്യവസായ മേഖലയുടെ വളർച്ചയ്ക്കു സഹായകരമാകും.

ടൂറിസം മേഖലയെ വ്യവസായമായി അംഗീകരിക്കുമെന്ന പ്രഖ്യാപനം ഈ മേഖലയുടെ അഭൂതപൂർവ്വമായ വികസനമായിരിക്കും ഭാവിയിൽ സാക്ഷ്യം വഹിക്കുന്നത്. പ്രളയനികുതി കുടിശ്ശികകാർക്ക് പലിശയും, പിഴ പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, 50000 രൂപയ്ക്ക് മുകളിലും 2 ലക്ഷത്തിനു താഴെയുള്ള ജി. എസ്. ടി. യ്ക്ക് മുമ്പുള്ള കുടിശ്ശികക്കാരുടെ മുഴുവൻ തുകയും എഴുതിത്തള്ളുമെന്ന പ്രഖ്യാപനം ഈ മേഖലയിൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ചെറുകിടകാർക്ക് വളരെ സഹായകരമാകും. ജി. എസ്. ടി.യ്ക്ക് മുൻപുള്ള (ജൂലൈ 2017) സി. എസ്. ടി., കെ. ജി. എസ്. ടി, വാറ്റ് എന്നീ നികുതി ഘടനയിലുള്ള കുടിശ്ശികകൾ എഴുതിത്തള്ളണമെന്നുള്ളത് കെ. എസ്. എസ്. ഐ. എ. യുടെ ദീർഘനാളായുള്ള ആവശ്യമായിരുന്നു. കൊച്ചി, ആലുവ, പെരുമ്പാവൂർ മേഖല ലക്ഷ്യമാക്കി, പെരുമ്പാവൂരിൽ ഗ്ലോബൽ ഫർണീച്ചർ സ്ഥാപിക്കാനാണ് 10 കോടി രൂപ നീക്കി വെച്ചത് പ്ലൈവുഡ്-ഫർണീച്ചർ മേഖലയുടെ വികസനത്തിന് സഹായകരമാകും.




പരമ്പരാഗത മരവ്യവസായത്തിന്റെ ഈറ്റില്ലമായ കോഴിക്കോട് ജില്ലയിലെ കല്ലായിലും, പെരുമ്പാവൂരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഫർണീച്ചർ ഹബ്ബ് പോലെ ഒരു ഇന്റർനാഷണൽ ഫർണീച്ചർ ഹബ്ബ് സ്ഥാപിക്കാനുള്ള തീരുമാനം ഉണ്ടാകണമെന്നും ഈ സന്ദർഭത്തിൽ കെ. എസ്. എസ്. ഐ. എ. മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഈ ആവശ്യം കാലാകാലങ്ങളിൽ നമ്മൾ സർക്കാരിന് മുന്നിൽ വച്ചിട്ടുള്ള ആവശ്യമാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള എം. എസ്. എം. ഇ. ഗ്രോത്ത് സ്കീം പുതിയ നിക്ഷേപകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ ഉതകും. നമ്മുടെ സംസ്ഥാനത്ത് അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർ ജോലിതേടി അന്യസംസ്ഥാനത്തേയ്ക്കും വിദേശത്തേയ്ക്കും ചേക്കേറുന്ന വ്യവസ്ഥിതിയ്ക്ക് ഒരു പരിധി വരെ അറുതി വരുത്തി കൂടുതൽ യുവ സംരംഭകരെ നമ്മുടെ സംസ്ഥാനത്തു തന്നെ നിലനിർത്തി കൂടുതൽ ചെറുകിട വ്യവസായങ്ങളും സ്റ്റാർട്ടപ്പും തുടങ്ങുവാൻ ദീർഘവീക്ഷണത്തോടുകൂടിയുള്ള ഇതുപോലുള്ള പദ്ധതികൾ ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് അത്യാവശ്യമാണ്. തൻമൂലം സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളും പൊതുഖജനാവിന് റവന്യൂ വരുമാനവും ഗണ്യമായി വർദ്ധിക്കും. മാത്രമല്ല ചെറുപ്പക്കാർ അന്യനാടിലേയ്ക്ക് തൊഴിൽ തേടി പോകുന്നത് മൂലം സംജാതമാകുന്ന വൃദ്ധസദനങ്ങൾ ഗണ്യമായി കുറയ്ക്കുവാനും സാധിക്കും. സദുദ്ദേശത്തോടുകൂടി വിഭാവനം ചെയ്തിട്ടുള്ള എം. എസ്. എം. ഇ. ഗ്രോത്ത് സ്കീം വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനകുറവ് മൂലം ഉദ്ദേശ ലക്ഷ്യം നേടാതിരിക്കരുത്. സർക്കാരിന്റെ നിതാന്ത ജാഗ്രത ഇതിൽ പുലർത്തണം. വിവിധ തലത്തിലുള്ള ലൈസൻസിംഗ്, നികുതി, പരിസ്ഥിതി സന്തുലീകരണം എന്നിവ ഒരു വകുപ്പിൻ കീഴിലാക്കിയാൽ വ്യവസായിക വളർച്ചയ്ക്ക് വേഗത കൂടും.

## എം. എസ്. എം. ഇ. മേഖലയുടെ വളർച്ച ലക്ഷ്യം വച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ വിവിധ പദ്ധതികളുടെ പ്രഖ്യാപനം സ്വാഗതംചെയ്യുന്നു.

എം. എസ്. എം. ഇ. മേഖലയുടെ വളർച്ച ലക്ഷ്യം വച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ വിവിധ പദ്ധതികളുടെ പ്രഖ്യാപനം വളരെ സ്വാഗതാർഹമാണ്. ഇതിന്റെ ആദ്യപടിയായി 1000 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുമെന്നു മുഖ്യമന്ത്രി പ്രഖ്യാപിച്ചു. സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ നാലു അന്താരാഷ്ട്ര വിമാന താവളങ്ങൾ കേന്ദ്രീകരിച്ചു 27 ഏവിയേഷൻ പദ്ധതികൾ സർക്കാർ തയ്യാറാക്കിയതായും തൊഴിൽ വിപണിയിലെ മാറ്റങ്ങൾ നിരീക്ഷിക്കാൻ ഗ്ലോബൽ ജോബ് വാച്ച് ടവർ സ്ഥാപിക്കണമെന്നുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. മുൻ സർക്കാർ പ്രഖ്യാപിച്ച വിഷൻ കേരള എമർജിങ് ടെക്നോളജി മിഷൻ എന്നിവ കൂടി മിഷനിൽ ലയിപ്പിച്ചും കേരള ഐ. ടി. മിഷനെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മിഷൻ ആയി മാറ്റാനുള്ള നിർദ്ദേശം ഐടി മേഖലയുടെ വികസനത്തിനു ആക്കം കൂട്ടും. വ്യവസായ സംരംഭങ്ങൾക്കുള്ള ഭൂമിക്കായി ലാന്റ് ബാങ്ക് സൃഷ്ടിക്കുമെന്ന പ്രഖ്യാപനം കെ. എസ്. എസ്. ഐ. എ. യുടെ ദീർഘനാളത്തെ ഒരു ആവശ്യമായിരുന്നു. കെ. സ്വിഫ്റ്റിനെ സംയോജിത ഡിജിറ്റൽ ഏക ജാലക ക്ലിയറൻസ് പ്ലാറ്റ് ഫോമായി വികസിപ്പിക്കുമെന്ന പ്രഖ്യാപനം വ്യവസായികൾക്ക് വളരെ സഹായകരമായി തീരും.

## Emergency Credit Line Guarantee Scheme (ECLGS) 5.0 പരമാവധി പ്രയോജനപ്പെടുത്തുക.

പശ്ചിമേഷ്യ യുദ്ധാനന്തര കെടുതികൾമൂലം ഉത്പ്പാദന രംഗത്തും സാമ്പത്തിക രംഗത്തും സംജാതമായിട്ടുള്ള ഭീകരമായ മാന്ദ്യം അതിജീവിക്കുന്നതിന് സർക്കാർ തലത്തിൽ ധനകാര്യ വകുപ്പിൻ കീഴിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഫിനാൻഷ്യൽ സർവ്വീസസ് 08/05/2026ൽ തുടങ്ങിവെച്ചതും ഉത്പ്പാദന വ്യവസായിക രംഗത്ത് വിശിഷ്യ ചെറുകിട വ്യവസായരംഗത്ത് ഊർജ്ജം പകരുന്ന പദ്ധതിയാണ് Emergency Credit Line Guarantee Scheme (ECLGS) 5.0 ഈ പദ്ധതി പശ്ചിമേഷ്യൻ യുദ്ധം മൂലം ദുരിതമനുഭവിക്കുന്ന ബിസിനസ്സ് ക്ലാസ്സിനും, എയർലൈൻസിനും അഡീഷണൽ വർക്കിംഗ് ക്യാപിറ്റൽ നല്കുന്നത് വിഭാവനം ചെയ്യുന്നു. MSME Non MSME, Scheduled Passenger Airlines എന്നിവയ്ക്ക് 31/03/2026ന് ആനുപാതികമായി ക്രെഡിറ്റ് ഫെസിലിറ്റീസ് ഉറപ്പു വരുത്തുന്നു. MSME കൾക്കും Non MSME കൾക്കും 2025 -26 ലെ നാലാം പാദത്തിൽ കുടിശ്ശികയുള്ള Peak Fund Based വർക്കിംഗ് ക്യാപിറ്റലിന്റെ 20 ശതമാനം (Capped @Rs 100 Crore/ Borower) MSME ക്കും 100 ശതമാനം ഉറപ്പുതരുന്നു. ഈ പദ്ധതി നമ്മുടെ സംസ്ഥാനത്തെ ബാങ്കുകൾക്ക് ബാധകമായിട്ടില്ല എന്ന മനോഭാവം പല മുൻനിര ബാങ്കുകളും വച്ചുപുലർത്തുന്നുണ്ട് ഈ മനോഭാവം മാറിയേ തീരൂ. ഇതിനോടനുബന്ധിച്ച് NCGTC Order No.0246/Ncgtc/Eclgs 5.0 Order പുറപ്പെടുവിച്ചിട്ടുണ്ട് ഈ ഓർഡർ അനുസരിച്ച് MSME Borrower 31/03/2026ന് Standers and Note under SMA Category ആയിരിക്കണം. പക്ഷേ നിലവിലുള്ള മാർക്കറ്റ് മാന്ദ്യത, കടബാധ്യത, യുദ്ധാനന്തര കെടുതികൾ എന്നിവ മൂലം ധാരാളം MSME കൾ 31/03/2026 ൽ SMA -1 അല്ലെങ്കിൽ SMA - 2 ആയി നിജപ്പെടുത്തിയിരുന്നില്ല. എങ്കിലും തുടർന്നുള്ള കാലയളവിൽ സാമ്പത്തിക അച്ചടക്കം മൂലം MSME കൾ അവരുടെ അക്കൗണ്ടുകൾ സ്റ്റാൻഡേർഡ് അക്കൗണ്ടുകളാക്കി മാറ്റിയിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 31/03/2026 എന്ന പരിധി എടുത്ത് കളഞ്ഞ് ഓർഡർ പുറപ്പെടുവിച്ച 08/05/2026 ആക്കി പരിധി പുനർനിർണ്ണയിക്കണം. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അടിയന്തിര ഇടപെടലുകൾ ആവശ്യമാണ്. മാത്രമല്ല ഈ പദ്ധതി ചെറുകിട വ്യവസായികൾക്ക് പരമാവധി ഉപയോഗപ്രദമാകുവാൻ ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണങ്ങളും അത്യാവശ്യമാണ്.



ജോസഫ് പൈകട
ജനറൽ സെക്രട്ടറി

# ചെറുകിട വ്യവസായികൾ കേന്ദ്ര പദ്ധതികൾ പ്രയോജനപ്പെടുത്തുക.

എം. എസ്. എം. ഇ. കളുടെ വളർച്ചയ്ക്ക് ഉത്തേജനം നല്കുന്ന സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പല വ്യവസായികൾക്കും കേന്ദ്ര സർക്കാരിന്റെ സഹായ പദ്ധതികളെക്കുറിച്ചറിയില്ല. ഇതുമൂലം ചെറുകിട വ്യവസായികൾക്ക് അർഹതപ്പെട്ട ഈ പദ്ധതികൾ മുഖേന ലഭിക്കേണ്ട ആനുകൂല്യം നിഷേധിക്കപ്പെടുകയാണ്. പുതുതായി ആരംഭിക്കുന്ന സംരംഭകർക്ക് പ്രധാന മന്ത്രിയുടെ തൊഴിൽദാന പദ്ധതി (PMEGP) യുടെ ആനുകൂല്യം ലഭിക്കും. ഉത്പ്പാദന മേഖലയിൽ പരമാവധി 50 ലക്ഷം രൂപയും സേവന മേഖലയിൽ പരമാവധി 20 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കാണ് സഹായം ലഭിയ്ക്കുക. പ്രൊജക്ടുകൾക്ക് ബാങ്ക് വായ്പയിൽ 15 ശതമാനം മുതൽ 35 ശതമാനം വരെ സബ്സിഡി ലഭിക്കും. ഒരേ രീതിയിലുള്ള ഉത്പ്പന്നങ്ങൾ/ സേവനങ്ങൾ ചെയ്യുന്ന എം. എസ്. എം. ഇ. കൾക്ക് അവർ നേരിടുന്ന പൊതുവായ വെല്ലുവിളികളെ അഭിമുഖീകരിക്കുക എന്ന ലക്ഷ്യത്തോടെ കോമൺ പ്രൊഡക്ഷൻ അല്ലെങ്കിൽ പ്രൊസ്സസിംഗ് സെന്റർ, ഡിസൈൻ കേന്ദ്രങ്ങൾ, ടെസ്റ്റിംഗ് സൗകര്യങ്ങൾ എന്നിങ്ങനെയുള്ള പൊതുവായ സൗകര്യങ്ങളോടെ കേന്ദ്ര നിർമ്മാണത്തിനായി സഹായിക്കുന്ന മറ്റൊരു പദ്ധതിയാണ് എം. എസ്. ഇ. ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം. ഈ പദ്ധതി പ്രകാരം 30 കോടി രൂപ വരെയുള്ള പ്രൊജക്ട് ചെലവിന്റെ 60 ശതമാനം മുതൽ 80 ശതമാനം വരെ കേന്ദ്ര എം. എസ്. എം. ഇ. മന്ത്രാലയം സബ്സിഡിയായി നല്കും. നിലവിലുള്ള വ്യവസായിക പ്രദേശങ്ങളിലെ ഭൂമി, റോഡ്, ഡ്രെയിനേജ്, വൈദ്യുതി വിതരണം തുടങ്ങിയവയുടെ വികസനം അല്ലെങ്കിൽ പുതിയ ഫ്ളാറ്റ്, ഫാക്ടറി സമുച്ചയങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് സഹായം നല്കുന്ന മറ്റൊരു പദ്ധതിയാണ് അടിസ്ഥാന സൗകര്യ വികസനത്തിനു (സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥയിലുള്ള ഭൂമി) സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം 5 മുതൽ 15 കോടി രൂപ വരെയുള്ള പ്രൊജക്ട് ചെലവിന്റെ 50 ശതമാനം മുതൽ 60 ശതമാനം വരെ ഗ്രാന്റായി ലഭിക്കും. അന്താരാഷ്ട്ര പ്രദർശനങ്ങൾ, മേളകൾ, സമ്മേളനങ്ങൾ, സെമിനാറുകൾ, വിദേശത്തുള്ള ബയർ സെല്ലർ മീറ്റിംഗുകൾ എന്നിവയിൽ എം. എസ്.എം. ഇ. കളുടെ പങ്കാളിത്തം സുഗമമാക്കി കയറ്റുമതി വിപണിയിൽ പ്രവേശിക്കാനുള്ള ശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതിയാണ് അന്താരാഷ്ട്ര സഹകരണം (ഐ. സി.) പദ്ധതി. കേന്ദ്ര എം. എസ്. എം. ഇ. മന്ത്രാലയം അംഗീകരിച്ച അന്താരാഷ്ട്ര എക്സിബിഷനുകളിൽ പങ്കെടുക്കുന്ന യോഗ്യരായ എം. എസ്. എം. ഇ. കൾക്ക് പരമാവധി 3 ലക്ഷം രൂപയ്ക്ക് വിധേയമായി മുടക്കിയ സ്റ്റാൾ വാടകയുടെ 100 ശതമാനം തിരിച്ചു സബ്സിഡിയായി ലഭിക്കുന്ന മറ്റൊരു പദ്ധതിയാണ് മാർക്കറ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റൻസ് (എം. ഡി. എ.) പദ്ധതി. അന്താരാഷ്ട്ര എക്സിബിഷനിൽ പങ്കെടുക്കുന്നവർക്ക് എക്കോണമി എയർക്ലാസ്സ് നിരക്കിന്റെ 100 ശതമാനം പരമാവധി 1.5 ലക്ഷം രൂപ അല്ലെങ്കിൽ യഥാർത്ഥത്തിൽ വിമാന ടിക്കറ്റിന്റെ നിരക്ക് ലഭിക്കും. ആദ്യമായി കയറ്റുമതി ചെയ്യുന്നവർക്കുള്ള കപ്പാസിറ്റി ബിൽഡിംഗ് (സി. ബി. എഫ്. ടി. ഇ.) പദ്ധതിയുടെ കീഴിൽ കയറ്റുമതി പ്രീമിയം ഉത്പ്പന്നങ്ങൾ, ഉത്പ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള പരിശോധന, ഗുണ നിലവാര സർട്ടിഫിക്കേഷൻ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായവും ലഭിക്കും. കേന്ദ്ര സർക്കാർ എം. എസ്. എം. ഇ. കൾക്ക് അനുവദിക്കുന്ന വിവിധ പദ്ധതികളിൽ ചിലതുമാത്രമാണ് മേൽ വിവരിച്ചത്.

കൂടുതൽ വിവരങ്ങൾക്ക് തൃശ്ശൂരിലുള്ള എം. എസ്. എം. ഇ. – ഡി. എഫ്. ഒ. യുമായി ബന്ധപ്പെടേണ്ടതാണ്.

ഫോൺ നമ്പർ : 0487 2360538/ 2360686
ഇ മെയിൽ : dcd-thrissur@dc.msme.gov.in



KSSIA NEWS
JUNE 2026

# സ്വന്തം ഭൂമി നൽകി ജോയിന്റ് വെഞ്ച്വറിൽ ഫ്ളാറ്റ് പണിയാൻ കരാറുകൾ ഉണ്ടാക്കുമ്പോൾ ഭൂവുടമകൾ വഞ്ചിക്കപ്പെടാതിരിക്കാൻ ജാഗ്രത പാലിക്കുക.



**ഡോ. (Adv) കെ. എസ്. ഹരിഹരൻ**
B.Com, LLB, MBA, LLM, Phd
ജി.എസ്.റ്റി. & സെൻട്രൽ എക്സൈസ്
കമ്മിറ്റി ചെയർമാൻ

കേരളത്തിലെ നഗരപ്രദേശങ്ങളിൽ ഭൂമിയുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ, ഒറ്റയ്ക്ക് വീട് നിർമ്മിക്കുന്നതിനേക്കാൾ ലാഭകരമായി പലരും കാണുന്നത് ബിൽഡർമാർക്ക് ഭൂമി വിട്ടുനൽകി സ്ഥലത്തിന്റെ വിഹിതമായി ഫ്ളാറ്റുകൾ കൈപ്പറ്റുന്ന രീതിയാണ്. എന്നാൽ, ഇത്തരം ജോയിന്റ് ഡെവലപ്പ്മെന്റ് കരാറിൽ (JDA) ഒളിഞ്ഞിരിക്കുന്ന നികുതിനിയമങ്ങളെക്കുറിച്ച് ധാരണയില്ലാത്തത് ഭൂവുടമകളിൽ പലപ്പോഴും വലിയ സാമ്പത്തിക ബാധ്യതകൾക്കും ബിൽഡർമാരുടെ ചൂഷണങ്ങൾക്ക് ഇരയാകുന്നതിനും കാരണമാകുന്നുണ്ട്.

### 1. എന്താണ് ജോയിന്റ് ഡെവലപ്പ്മെന്റ് കരാർ (JDA)?

ഉത്തരം: ഭൂമിയുടമ തന്റെ വസ്തുവിൽ നിർമ്മാണം നടത്താൻ ബിൽഡറെ അനുവദിക്കുകയും, പകരമായി, നിർമ്മാണം പൂർത്തിയാകുമ്പോൾ നിശ്ചിത എണ്ണം ഫ്ളാറ്റുകളോ (Area Sharing) അല്ലെങ്കിൽ ഫ്ളാറ്റുകളുടെ വിൽപ്പന നടന്നുകഴിഞ്ഞുള്ള ലാഭവിഹിതമോ (Revenue Sharing) ഭൂവുടമയ്ക്ക് നൽകുകയും ചെയ്യുന്ന കരാറാണിത്. ഇവിടെ ഭൂമി പൂർണ്ണമായും വിൽക്കപ്പെടുന്നില്ല, മറിച്ച് ഭൂവുടമ ബിൽഡർക്ക് തന്റെ ഭൂമിയിൽ നിർമ്മാണം നടത്താനുള്ള അവകാശം (Development Rights) കൈമാറുകയാണ് ചെയ്യുന്നത്.

### 2. ജോയിന്റ് ഡെവലപ്പ്മെന്റ് കരാറിൽ ഏർപ്പെടുമ്പോൾ വരുന്ന ജി.എസ്.റ്റി (GST) ബാധ്യതകൾ ?

ഉത്തരം: ബിൽഡർമാർ പലപ്പോഴും ഭൂവുടമകളിൽ നിന്നും അനധികൃതമായി GST ഈടാക്കാറുണ്ട്. ബിൽഡർമാർ അവരുടെ സൗകര്യത്തിനു വേണ്ടി കെട്ടിടത്തിനുള്ള അസംസ്കൃത വസ്തുക്കൾ (Raw Materials) 2017 മുതൽ വാങ്ങിയിട്ടുണ്ടാകും. അതിൽ ഭൂവുടമയ്ക്ക് കരാർ പ്രകാരം നൽകേണ്ട ഫ്ളാറ്റിനും കൂടിയുള്ള വസ്തുക്കൾ വാങ്ങി ഇൻപുട്ട് (Input Tax Credit) എടുത്തിട്ടുണ്ടാകാം. നികുതിവിധേയമല്ലാത്ത ഫ്ളാറ്റുകൾക്കുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്യാൻ ബിൽഡർമാർക്ക് ബാധ്യതയുണ്ട്. ഈ ബാധ്യത ബിൽഡർമാർ ഭൂവുടമകളുടെ തലയിൽ കെട്ടിവെക്കുന്നത് പതിവാണ്. എന്നാൽ 2019 ഏപ്രിൽ 1ന് ശേഷം നിയമത്തിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. വാസ്തവത്തിൽ ബിൽഡർമാർ അറിഞ്ഞോ അറിയാതെയോ ഭൂവുടമകളെ പറ്റിച്ചുകൊണ്ട് GST തുക പിരിച്ചെടുക്കുന്നത് നിയമവിരുദ്ധമാണ്.

***റിവേഴ്സ് ചാർജ് മെക്കാനിസം (RCM)** : വികസന അവകാശ കൈമാറ്റത്തിന്മേലുള്ള (Transfer of Development Rights) ജി.എസ്.റ്റി അടയ്ക്കാനുള്ള ബാധ്യത ഇപ്പോൾ പൂർണ്ണമായും ബിൽഡർക്കാണ്. ഭൂവുടമ നേരിട്ട് ജി.എസ്.റ്റി ഡിപ്പാർട്ട്മെന്റിന് / പണമടയ്ക്കേണ്ടതില്ല.



* **നിർമ്മാണ സേവനത്തിന്മേലുള്ള നികുതി:** ബിൽഡർ ഭൂവുടമയ്ക്ക് കൊടുക്കാമെന്നേറ്റ ഫ്ളാറ്റ് നിർമ്മിച്ചു നൽകുമ്പോൾ അതിനുമേൽ നിർമ്മാണ സേവന നികുതി (Tax on supply of construction services) ബാധകമാണ്. ഇത് ബിൽഡർ ജി.എസ്. റ്റി ഡിപ്പാർട്ട്മെന്റിലേക്ക് അടയ്ക്കേണ്ടതാണ്. ഇതിന്റെ ഔട്ട്പുട്ട് ബാധ്യത ബിൽഡർക്കാണെന്ന് ഉറപ്പു വരുത്തണം.

**കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ (Completion Certificate (CC) പ്രാധാന്യം:**

നിർമ്മാണം പൂർത്തിയാക്കി 'കംപ്ലീഷൻ സർട്ടിഫിക്കറ്റ്' ലഭിച്ചതിനുശേഷം കൈമാറ്റം ചെയ്യപ്പെടുന്ന ഫ്ളാറ്റുകളെ ജി.എസ്.റ്റി നിയമത്തിലെ ഷെഡ്യൂൾ പ്രകാരം 'സ്ഥാവര വസ്തു' (Immovable Property) ആയിട്ടാണ് കണക്കാക്കുന്നത്. ഇത്തരം കൈമാറ്റങ്ങൾക്ക് ജി.എസ്.റ്റി ബാധകമല്ല. എന്നാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുമ്പുള്ള കൈമാറ്റങ്ങളുടെ കാര്യം അങ്ങനെയല്ല. അത്തരം കൈമാറ്റങ്ങൾക്ക് ജി.എസ്.റ്റി ബാധകമായിരിക്കും. അതിനാൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുമ്പ് ഫ്ളാറ്റ് കൈമാറ്റം ചെയ്യപ്പെടുന്ന രീതിയിലല്ല കരാർ എന്ന് ഭൂവുടമകൾ കൃത്യമായി ഉറപ്പുവരുത്തണം.

* **രജിസ്ട്രേഷൻ:** ഒരു ഭൂവുടമയുടെ വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ അധികമാണെങ്കിൽ മാത്രമേ ആ ഭൂവുടമ ജി.എസ്.റ്റി രജിസ്ട്രേഷൻ എടുക്കേണ്ടതുള്ളൂ. ജോയിന്റ് ഡെവലപ്പ്മെന്റ് കരാർ പ്രകാരം ബിൽഡിംഗ് നമ്പർ ലഭിച്ചതിന് ശേഷമാണ് കൈമാറ്റമെങ്കിൽ ആ തുക ജി.എസ്.റ്റി വിറ്റുവരവിൽ (Turn over) ഉൾപ്പെടില്ല. പല ബിൽഡർമാരും ഭൂവുടമകളെക്കൊണ്ട് ജി.എസ്.റ്റി രജിസ്ട്രേഷൻ എടുപ്പിക്കുന്നത് ബിൽഡറുടെ നികുതി ബാധ്യത ഭൂവുടമയുടെ തലയിൽ വെക്കാൻ വേണ്ടിയാകാം. ഉടമകൾ ശരിയായ നിയമോപദേശം തേടി ഇത്തരം അനാവശ്യ ബാധ്യതകളിൽ നിന്ന് ഒഴിവാകുക.

**3. ആദായനികുതിയും സെക്ഷൻ 45(5A)യും :**

വ്യക്തികൾക്കും (Individuals) ഹിന്ദു അവിഭജിത കുടുംബങ്ങൾക്കും ആശ്വാസമായി ആദായനികുതി നിയമത്തിൽ ഉൾപ്പെടുത്തിയ വകുപ്പാണ് Section 45(5A). ഈ വകുപ്പിന്റെ ഗുണവശങ്ങൾ ഇവയാണ്: നികുതി നൽകേണ്ട സമയം: JDA ഒപ്പിടുന്ന വർഷമല്ല, മറിച്ച് നിർമ്മാണം പൂർത്തിയായി 'Completion Certificate' ലഭിക്കുന്ന വർഷം മാത്രം മൂലധന നേട്ട നികുതി (Capital Gain Tax) നൽകിയാൽ മതി.

* **മൂല്യം കണക്കാക്കുന്ന രീതി:** സർക്കാരിന്റെ സ്റ്റാമ്പ് ഡ്യൂട്ടി മൂല്യം (Guideline Value) അടിസ്ഥാനമാക്കിയാണ് നികുതി നിശ്ചയിക്കുന്നത്. ശ്രദ്ധിക്കുക: Completion Certificate ലഭിക്കുന്നതിന് മുൻപ് ഭൂവുടമ തന്റെ വിഹിതം വിൽക്കുകയാണെങ്കിൽ ഈ ആനുകൂല്യം ലഭിക്കില്ല.

**4. സുപ്രധാന കോടതി വിധികൾ**

CIT vs. Balbir Singh Maini (Supreme Court)(Civil Appeal No. 15619 OF 2017): രജിസ്റ്റർ ചെയ്യാത്ത ഒരു JDA കരാറിന്റെ അടിസ്ഥാനത്തിൽ മാത്രം 'കൈമാറ്റം' നടന്നതായി കണക്കാ ക്കാൻ കഴിയില്ല. കരാർ ഒപ്പിട്ടതുകൊണ്ട് മാത്രം ഉടമ നികുതി നൽകേണ്ടതില്ല. കരാർ രജിസ്റ്റർ ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകതയെ ഈ കേസ് മുൻനിർത്തുന്നു.

* Suraj Lamp & Industries Pvt. Ltd. vs. State of Haryana (Supreme Court) (SPECIAL LEAVE PETITION © NO.13917 OF 2009): പവർ ഓഫ് അറ്റോർണി (POA) വഴി വസ്തു കൈമാറ്റം ചെയ്യുന്നത് നിയമപരമായ വിൽപ്പനയല്ല. JDA കളിൽ നൽകുന്ന POA നിർമ്മാണ ആവശ്യങ്ങൾക്കായി മാത്രമായിരിക്കണം.

**5. ബിൽഡർമാർ നടത്തുന്ന തട്ടിപ്പുകൾ (The Scams)**

പല ബിൽഡർമാരും ഡെവലപ്പ്മെന്റ് റൈറ്റ്സ് കൈമാറ്റത്തിനു മേലുള്ള ജി.എസ്.റ്റി (18%) ഭൂവുടമയിൽ നിന്ന് ഈടാക്കാൻ ശ്രമിക്കാറുണ്ട്. നിയമപ്രകാരം ഇത് ബിൽഡർ അടയ്ക്കേണ്ട 'റിവേഴ്സ് ചാർജ്' നികുതിയാണ്. ഭൂവുടമയിൽ നിന്ന് ജി.എസ്.റ്റി ഇനത്തിൽ അംഗീകൃതമല്ലാത്ത പണം ശേഖരിക്കുന്നത് ശിക്ഷാർഹമായ ക്രിമിനൽ കുറ്റമാണ്.

**6. ഭൂമിയുടമകൾ ശ്രദ്ധിക്കേണ്ട മുൻകരുതലുകൾ**

(i)രജിസ്ട്രേഷൻ: കേരള രജിസ്ട്രേഷൻ നിയമപ്രകാരം ഇത്തരത്തിലുള്ള കരാറുകൾ നിർബന്ധമായും രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ രജിസ്റ്റർ ചെയ്യണം.

(ii) നികുതി വ്യവസ്ഥകൾ: ജി.എസ്.റ്റി, ഫീസുകൾ തുടങ്ങിയവയുടെ ബാധ്യത ബിൽഡർക്ക് മാത്രമാണെന്ന് കരാറിൽ പ്രത്യേകം എഴുതിച്ചേർക്കുക. ഏതെങ്കിലും നികുതി ഭൂവുടമയ്ക്ക് അടയ്ക്കേണ്ടി വന്നാൽ, ആ തുക 18% പലിശയോടു കൂടി ബിൽഡർ തിരിച്ചു നൽകണം (Reimburse) എന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തുക.

(iii) SDD (Real Estate (Regulation and Development) Authortiy (RERA): നിർമ്മാണത്തിലെ കാലതാമസം, ഗുണനിലവാരമില്ലായ്മ, നികുതി തട്ടിപ്പുകൾ എന്നിവയ്ക്കെതിരെ SDD എന്ന അതോറിറ്റിയെ സമീപിക്കാം. പുതുക്കിയ നിയമപ്രകാരം, നിർമ്മാണം വൈകുന്ന ഓരോ ദിവസത്തിനും ബിൽഡർ പലിശ സഹിതം നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥനാണ്. ജോയിന്റ് വെഞ്ചർ കരാറുകളിലും ഡെവലപ്പ്മെന്റ് റൈറ്റ്സ് കൈമാറ്റങ്ങളിലും ഭൂവുടമകൾക്ക് യാതൊരു ബാധ്യതയുമില്ല എന്ന് അന്ധമായി വിശ്വസിക്കരുത്. കരാറുകളിൽ വരുന്ന ചെറിയ വീഴ്ചകളോ ജാഗ്രതക്കുറവോ ഭാവിയിൽ വലിയ നികുതി ബാധ്യതകൾ ഉടമകളുടെ മേൽ അടിച്ചേൽപ്പിക്കാൻ കാരണമായേക്കാം. അതിനാൽ, ഇത്തരം കരാറുകൾ തയ്യാറാക്കുമ്പോൾ കേവലം ബിൽഡർ നൽകുന്ന രേഖകളിൽ ഒപ്പിടാതെ, നിർബന്ധമായും ഒരു നിയമവിദഗ്ദ്ധനുമായി ആലോചിച്ച് മാത്രം മുന്നോട്ട് പോകുക. കൃത്യമായ നിയമോപദേശം സമയോചിതമായി തേടുന്നത് വഴി വഞ്ചിക്കപ്പെടാതിരിക്കാനും അനാവശ്യ നികുതിക്കുരുക്കുകളിൽ നിന്ന് രക്ഷപ്പെടാനും സാധിക്കും.


CERTIFIED BEST-IN-CLASS QUALITY BY CUSTOMERS
DEWTON® LED
GERMANY
Switch to Solar.
Shine Without Limits.
Dewton presents next-generation solar outdoor lighting built to perform.
Zero Energy Cost • Easy Installation • Eco-Friendly
Solar Lights Range
Gate Lights
Outdoor Wall Washers
Flood Lights
Streetlights
Scan QR code to visit website
ADVANCED GERMAN TECHNOLOGY
LM-80 Certified LEDs
BIS APPROVED
DOMESTIC LIGHTS I COMMERCIAL LIGHTS I ARCHITECTURAL LIGHTS I INDUSTRIAL LIGHTS
Customer Enquiry: +91 97784 22644 | Project Enquiry: 91 82819 98362 | Email: dewtonled@gmail.com | www.dewtonindia.com
METAL

# ഗവൺമെന്റ് അംഗീകൃത പ്രൈവറ്റ് വ്യവസായ പാർക്കുകൾ പുരോഗതിയുടെ സ്പന്ദനങ്ങൾ



**ഡോ. കെ. എം. ഖാലിദ്**
കെ. എസ്. എസ്. ഐ. എ. എഡിറ്റോറിയൽ അംഗവും, സംസ്ഥാന കമ്മിറ്റി അംഗവുമാണ് ലേഖകൻ
ഫോൺ : 9446034576

കേരളത്തിന്റെ വ്യവസായ മുന്നേറ്റത്തിൽ ഒരു വലിയ നാഴികക്കല്ലായി മാറിയ മാറ്റമാണ് ഗവൺമെന്റ് അംഗീകാരത്തോടെ ആരംഭിച്ച പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കുകൾ. വർഷങ്ങളോളം പല ഗവൺമെന്റുകൾ പുരോഗമന മനോഭാവത്തോടെ വ്യവസായങ്ങളെ കാണുകയും കഴിവുറ്റ ഉദ്യോഗസ്ഥന്മാരുടെ പരിശ്രമത്തിന്റെ ഫലവുമായാണ് ഈ ഡെവലപ്പ്മെന്റ് നിലവിൽ വന്നത്. ഗവൺമെന്റിന്റെ വ്യവസായ എസ്റ്റേറ്റുകളുടെ അധീനതയിൽ സംരംഭകർക്ക് വേണ്ടത്ര ഭൂമി നല്കാൻ പറ്റാതിരുന്നത് എസ്റ്റേറ്റിലെ സ്ഥല ദൗർലഭ്യമാണ്. അതിന് പരിഹാരമെന്നോണമാണ് കഴിഞ്ഞുപോയ സർക്കാരിന്റെ വ്യവസായി മന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ. പാലക്കാട് ചരിത്ര നിമിഷങ്ങളായി മാറിയ ആദ്യത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ആരംഭം. മുൻ സർക്കാരുകൾ എടുത്തിട്ടുള്ള നല്ല തീരുമാനങ്ങൾ അതിന് സഹായകവുമായി. ഒരു പ്രോജക്ട് തുടങ്ങുമ്പോൾ ഉണ്ടാകുന്ന പല ബുദ്ധിമുട്ടുകളും ഈ പ്രസ്ഥാനത്തെയും ബാധിച്ചിരുന്നു എന്നതാണ് സത്യം. ഓരോ നിയമങ്ങൾ വരുമ്പോഴും ചേർക്കപ്പെടാതെ പോകുന്ന പലനിയമങ്ങളും പല പ്രാവശ്യമായി കൊണ്ടുവരുന്ന അമെൻമന്റുകളും പുതുതായി തുടങ്ങുന്ന എസ്റ്റേറ്റുകൾക്ക് ബുദ്ധിമുട്ടുണ്ടായി എങ്കിലും പല ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിച്ച് പി. ഡബ്ലിയു. ഡി. , ഇലക്ട്രിസിറ്റി, റവന്യു, പരിസ്ഥിതി മുതലായവയുടെ കാര്യത്തിൽ അതാത് വകുപ്പു മന്ത്രിമാരുടെ ഇടപെടലുകൾ ഉള്ളതു കൊണ്ട് ദൗത്യം കൃത്യമായി നടന്നു. 10 ഏക്കർ സ്ഥലത്ത് ഗ്രീൻ കാറ്റഗറിയിൽ ആയാൽപ്പോലും അതിന്റെ സ്വഭാവം മനസ്സിലാക്കിയാണ് എത്ര ഏക്കർ ഒരു യൂണിറ്റിന് വേണമെന്ന് നിർണ്ണയിക്കപ്പെടേണ്ടത്. ഉദാഹരണത്തിന് ഒരു ഫോം നിർമ്മാതാക്കൾ അതിന്റെ അസംസ്കൃത വസ്തുക്കൾ പെട്രോളിയം ഉൽപ്പന്നമായ ഗ്രാന്യൂൾസും അനുബന്ധമായി ഉപയോഗിക്കുന്നത് കുക്കിംഗ് ഗ്യാസുമാണ്. രാജ്യത്തെ ഫയർ പോളിസി പ്രകാരം കൂറ്റൻ വാട്ടർ ടാങ്കുകളും നിശ്ചിത അളവുകളും പരിധികളും പരിഗണിക്കുമ്പോൾ 6 ഏക്കറെങ്കിലും അതിന്റെ യൂണിറ്റ് പരിധിയായി ഉപയോഗിക്കണം. 10 ഏക്കർ സ്ഥലത്ത് ഏതാണ്ട് 2 യൂണിറ്റുകൾ മാത്രമേ ഉണ്ടാവുകയുള്ളൂ ബാക്കി കിടക്കുന്ന സ്ഥലം ചൂണ്ടിക്കാണിച്ച് അതിലും കൂടി യൂണിറ്റുകൾ വിൽപ്പന നടത്താത്തതിനാൽ അർഹമായ സബ്സിഡി നിക്ഷേധിക്കുന്നത് ശരിയല്ല.



വ്യവസായ ഡിപ്പാർട്ട്മെന്റിലെ എല്ലാവരും ഇതിനെക്കുറിച്ചെല്ലാം അറിവുള്ളവരായി കൊള്ളണമെന്നില്ല. റിപ്പോർട്ട് സമർപ്പിക്കുമ്പോൾ യഥാർത്ഥ ഉപഭോക്താവ് എന്ന നിലയിൽ സംരംഭകരിൽ നിന്നും യാഥാർത്ഥ്യം ഉൾക്കൊള്ളാനും കോൺഫിഡൻഷ്യൽ ആയി ഡയറക്ടർക്ക് റിപ്പോർട്ട് അയയ്ക്കുന്നതിന് മുൻപായി യഥാസ്ഥിതി അറിയിക്കാനും സംരംഭകന് റിപ്പോർട്ട് മനസ്സിലാക്കി കൊടുക്കുവാനുള്ള മനസ്ഥിതി ഉണ്ടായാൽ അനാവശ്യമായി വരുന്ന കാല താമസം വ്യവസായിക്ക് ഉണ്ടാകുകയുമില്ല. അതല്ലേ വ്യവസായ സൗഹൃദം?. ഇന്ന് പെർമിറ്റ് ലഭിച്ച 51 വ്യവസായ എസ്റ്റേറ്റുകൾ ഉണ്ട് പുതിയ യൂണിറ്റുകളെ ആകർഷിക്കുന്നതിനു പകരം ഒരു റിയൽ എസ്റ്റേറ്റ് ബിസിനസ്സിനെ സൃഷ്ടിക്കുന്നത് ശരിയുമല്ല. പരിസ്ഥിതി ആഘാതം എന്ന ന്യൂനത ചൂണ്ടിക്കാട്ടി മൈനിംഗ് ആന്റ് ജിയോളജിയുടെ നിയമങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്. ഗവൺമെന്റ് അംഗീകൃത പ്രൈവറ്റ് വ്യവസായ പാർക്കുകൾ പുരോഗതിയുടെ സ്പന്ദനങ്ങൾ അതോടൊപ്പം വ്യവസായത്തെ പ്രോത്സാഹിപ്പിക്കുക എന്നതിനപ്പുറം മറ്റൊരു അജൻഡയും സംരംഭകരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്തതുമാണ്. 10 ഏക്കർ സ്ഥലം എടുത്ത് വികസനങ്ങൾ പൂർത്തിയാക്കി സബ്മിറ്റ് ചെയ്താൽ സബ്സിഡി നൽകുവാനുള്ള നടപടിയുണ്ടാകണം. ഒരു യൂണിറ്റ് ആയാലും മൊത്തത്തിൽ വാട്ടർടാങ്ക്, റോഡ്, ചുറ്റുമതിൽ, ഗേറ്റ്, ഇലക്ട്രിസിറ്റി ഓഫീസ് എല്ലാം അതിൽ വന്നുകഴിഞ്ഞു. വർക്ക് കഴിഞ്ഞമുറയ്ക്ക് റീംബേഴ്സ് ആയാണ് ഫണ്ട് റിലീസ് ചെയ്യുന്നത്. അത് കോമൺ ഫെസിലിറ്റിയുടെ അസ്സസ്സ്മെന്റിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ പരിഗണിക്കപ്പെടണം. 24 ശതമാനം പലിശ നിരക്കിൽ ബാങ്ക് ഫെസിലിറ്റി എടുത്ത് വ്യവസായങ്ങൾ നടത്തിയിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് അതെല്ലാം മാറി അന്നുള്ളതിനേക്കാൾ വലിയ പുരോഗതി ഉണ്ടായിട്ടുണ്ട്. കാലം, നിയമം എല്ലാം മാറുന്ന മുറയ്ക്ക് പ്രോത്സാഹിപ്പിക്കപ്പെടണം. പഴയ രീതിയിലേയ്ക്കുള്ള തിരിച്ചുപോക്ക് കാലഘട്ടത്തിൽ ത്വരിതഗതിയിലുള്ള വികസനത്തെ ഇല്ലാതാക്കും. പുതിയ വ്യവസായ എസ്റ്റേറ്റുകൾക്ക് പ്രഖ്യാപിച്ച സബ്സിഡി പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും നിയമപരമായി വരുന്ന തടസ്സങ്ങൾ മാറ്റുന്നതിനുള്ള പ്രവർത്തനം പുതിയ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു. വ്യവസായികൾ, ബിസിനസ്സുകാർ എന്നീ വിഭാഗത്തെ നിയമം മൂലം സംരക്ഷിക്കപ്പെടേണ്ടതാണെന്നും രാജ്യത്തെ വരുമാന സ്രോതസ്സുകളുടെ വലിയ പങ്കും അവരിൽ നിന്നാണ് വരുന്നതെന്നുമുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനകളെല്ലാം നമുക്ക് ആശ്വാസം തരുന്നതാണ്. വർഷങ്ങളോളം വ്യവസായത്തെ നയിച്ച പുതിയ വ്യവസായ മന്ത്രിയും ഉദ്യോഗസ്ഥരും അനുഭാവപൂർവ്വം പരിഗണിക്കേണ്ട ചെറുകിട വ്യവസായം രാജ്യത്തെ വലിയ സംരംഭങ്ങളുടെ ഭാഗമായി മാറും എന്ന് നമുക്ക് പ്രത്യാശിക്കാം. അതിനുള്ള എല്ലാ ഊർജ്ജവും പകർന്നുകൊണ്ട് പുതിയ സംരംഭകരുടെ വികാരം ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന 'കേരള ചെറുകിട വ്യവസായ അസോസിയേഷൻ'ന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹനജനകമാണ്.





വിശ്വനാഥൻ ഒടാട്ട്

# ഇനി വാഹന ഉടമകൾക്ക് കുറഞ്ഞ ചിലവിൽ ലൈഫ് ഇൻഷൂർ ചെയ്യാം

നിങ്ങൾ ഒരു ടൂവിലർ അല്ലെങ്കിൽ ഫോർ വീലർ ഉടമയാണോ? നിങ്ങളുടെ വാഹനത്തിന്റെ മൂല്യം അഥവാ വിലയ്ക്ക് അനുസൃതമായി നിങ്ങൾക്കും ലളിതമായ നടപടിക്രമങ്ങളിലൂടെ നിങ്ങൾക്ക് ടേം ലൈഫ് ഇൻഷുറൻസ് കവർ ലഭിക്കാനുള്ള അവസരം. ടൂവീലർ ഉടമയ്ക്ക് 18 വയസ്സു മുതൽ 45 വയസ്സുവരെയുള്ളവർക്ക് 60 വയസ്സുവരെ യുള്ള പ്ലാനാണ് ലഭ്യമാവുക. 10 ലക്ഷം രൂപ വരെയുള്ള പോളിസിയിൽ ചേരാനാണ് അർഹത ഉണ്ടായിരിക്കുക. എന്നാൽ നിങ്ങൾ ഒരു കാർ ഉടമയാണെങ്കിൽ 18 മുതൽ 55 വയസ്സുവരെ പ്രായം ഉണ്ടെങ്കിലും ഇൻഷൂർ ചെയ്യാം പരമാവധി 60 വയസ്സുവരെയാണ് ഇൻഷുറൻസ് കാലാവധി. വാഹന വിലയുടെ 5 ഇരട്ടി തുകയ്ക്കാണ് ഇൻഷൂർ ചെയ്യുക. ഇത് പരമാവധി 50 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്. ഒന്നിൽ കൂടുതൽ വാഹനം ഉള്ളവർക്ക് ഒന്നിൽ കൂടുതൽ പോളിസി എടുക്കാവുന്നതാണ്. പോളിസിയിൽ ചേരാൻ വരുമാനത്തിന്റെ തെളിവുകൾ ആവശ്യമില്ല. മെഡിക്കൽ പരിശോധന ഇല്ലാതെ തന്നെ പോളിസിയിൽ ചേരാം. പക്ഷെ നിലവിൽ അസുഖങ്ങൾ ഉള്ളവർക്ക് കമ്പനി പോളിസി നൽകുന്നതല്ല. അപേക്ഷകന്റെ വീഡിയോ വെരിഫിക്കേഷൻ കഴിഞ്ഞ ശേഷം മാത്രമെ പോളിസി നൽകുകയുള്ളു.



പ്രായം/ഇൻഷുറൻസ് തുക - വാർഷിക പ്രീമിയം എന്നിവ എത്രയാണെന്ന് പിശോധിക്കാം.

| ടൂവീലർ | | ഫോർ വീലർ | |
|---|---|---|---|
| പ്രായം | 10,00,000 | പ്രായം | 50,00,000 |
| 25 | 1,368 | 25 | 4,970 |
| 30 | 1,509 | 30 | 5,483 |
| 35 | 1,930 | 35 | 7,012 |
| 40 | 2,753 | 40 | 10,003 |
| 45 | 4,370 | 45 | 15,878 |
| | | 50 | 27,297 |
| | | 55 | 41,869 |

മുകളിൽ കൊടുത്തത് 5 വർഷത്തേക്കുള്ള പുകവലിക്കാത്ത പുരുഷന്റെ പ്രീമിയമാണ്. പ്രായം, ഇൻഷുറൻസ് തുക, പോളിസി കാലാവധി, പുകവലി എന്നിവയെ ആസ്പദമാക്കിയാണ് പ്രീമിയം നിശ്ചയിച്ചിരിക്കുന്നത്. പോളിസി നൽകുന്നത് ഇന്ത്യയിലെ പ്രമുഖ ലൈഫ് ഇൻഷുറൻസ് കമ്പനിയായ ഗോഡിജിറ്റ് ലൈഫ് ഇൻഷുറൻസ് കമ്പനിയാണ്. പോളിസി ക്ലെയിം അനുബന്ധ സേവനങ്ങൾ നൽകുന്നത് എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനിയാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

മാനേജിംഗ് ഡയറക്ടർ, എയിംസ് ഇൻഷുറൻസ് ബ്രോക്കിംങ് കമ്പനി
ഫോൺ: 9895768333, ഇ മെയിൽ: odatt@aimsinsurance.in

# വ്യവസായങ്ങളിലെ വൈവിധ്യവൽക്കരണം



**ടി.എസ്. ചന്ദ്രൻ**
മുൻ ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ്

സൂക്ഷ്മ ചെറുകിട വ്യവസായ രംഗത്തേക്ക് വരുന്നവർ വേണ്ടത്ര ചിന്തിക്കാതെ പോകുന്ന ഒരു പ്രധാന കാര്യമാണ് വൈവിധ്യവൽക്കരണം. ഒരു സംരംഭം തുടങ്ങുമ്പോൾ അത് തുടങ്ങിയിടത്ത് തന്നെ നിൽക്കുക എന്നുള്ളതല്ല മികച്ച സംരംഭകന്റെ ലക്ഷണം. പുതിയ മേഖലകൾ കണ്ടെത്തി പുതിയ ഉത്പന്ന വിതരണ വിപണന രീതികളിലേക്ക് മാറുക എന്നുള്ളതാണ്. എക്കാലത്തും ഒരുപോലെ ശോഭിക്കുന്ന ബിസിനസുകൾ ഉണ്ടാകണമെന്നില്ല. കാലഘട്ടത്തിനനുസരിച്ച് നീങ്ങാത്ത സംരംഭങ്ങൾ നിലനിൽക്കുകയുമില്ല.

## ഒരു സംരംഭകന്റെ മികച്ച യോഗ്യത

സംരംഭകന്റെ അടിസ്ഥാനപരമായ ഒരു യോഗ്യതയാണ് ഇന്നോവേറ്റീവ് ആവുക എന്നത്. കണ്ടെത്തലുകളെ വാണിജ്യവൽക്കരിക്കുക എന്നുള്ളതാണ് ഇന്നവേഷൻ അഥവാ പുതുമ എന്നുള്ളത് കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. ശാസ്ത്ര സാങ്കേതിക രംഗത്തെ മാറ്റങ്ങളും ഉപഭോക്താവിന്റെ ആവശ്യങ്ങളും കണ്ടറിഞ്ഞ് ഇവയെ സംയോജിപ്പിച്ചു കൊണ്ടുള്ള ഉൽപാദന വിതരണ വിപണന സംവിധാനങ്ങളെ തന്റെ സംരംഭത്തിൽ ഉപയോഗപ്പെടുത്തുക തന്നെ വേണം. ഇന്നവേഷൻ എന്നുള്ളത് കൊണ്ട് ഉദ്ദേശിക്കുന്നത് ഒരു സംരംഭകൻ നിരന്തരം ഇന്നവേറ്റീവ് ആയിരിക്കുക എന്നുള്ളതാണ്. ഈ കാര്യം തുടക്കം മുതലേ സംരംഭകർ ശ്രദ്ധിക്കണം. ഇന്ന് വിജയിച്ചു നൽകുന്ന പല വ്യവസായികളെയും പഠിക്കാൻ ശ്രമിച്ചാൽ നമുക്ക് ഈ കാര്യം ബോധ്യപ്പെടും.

## ഉജാല എന്ന ഒറ്റ ഉദാഹരണം

ഉജാല എന്ന ബ്രാന്റിൽ ലിക്വിഡ് വൈറ്റ്നർ ഉത്പാദിപ്പിച്ചുകൊണ്ട് ബിസിനസ് രംഗത്തേക്ക് കടന്നുവന്ന സ്ഥാപനമാണ് ജ്യോതി ലാബോറട്ടറീസ്. ആ ഒരൊറ്റ ഉൽപ്പന്നത്തിൽ തന്നെ നിന്നിരുന്നു എങ്കിൽ അവർ എവിടെയെങ്കിലും എത്തുമായിരുന്നോ? സാധ്യതയുള്ള പുതിയ പുതിയ ഉത്പന്നങ്ങളെക്കുറിച്ച് പഠിച്ച് റിസർച്ച് ചെയ്ത് പുതിയ ഫോർമുലകൾ വികസിപ്പിച്ച് ഉപഭോക്താവിന്റെ സൂക്ഷ്മതലത്തിലുള്ള ആവശ്യങ്ങൾ കണ്ടറിഞ്ഞ് വൈവിധ്യവൽക്കരണം കൊണ്ടുവരാനായതാണ് ഈ സ്ഥാപനത്തിന്റെ വിജയം. ഇന്ന് ജ്യോതി ലാബോറട്ടറീസ് എന്ന സ്ഥാപനത്തിന് എത്രയോ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഉണ്ട് ! ഇത് ജ്യോതി ലബോറട്ടറിന്റെ മാത്രം കഥയല്ല അതുപോലെ എത്രയോ സ്ഥാപനങ്ങൾ ഉണ്ട് ഇങ്ങനെ വൈവിധ്യവൽക്കരണം നിരന്തരം നടത്തി മുന്നേറിക്കൊണ്ടിരിക്കുന്നവർ!

## പുതിയ സാങ്കേതികവിദ്യകൾ

ഉൽപ്പന്നത്തിന്റെ ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം, വികസനം എന്നിവയിൽ പ്രധാനമായും ഉൾപ്പെടുത്തേണ്ടത് പുത്തൻ സാങ്കേതികവിദ്യകളാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ്ങ്, റോബോട്ടിക് ആപ്ലിയൻസസ് എന്നിവയെല്ലാം തന്നെ വലിയ മാറ്റങ്ങൾ



ഈ രംഗത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു കൈത്തൊഴിൽ എന്ന നിലയിൽ അച്ചാർ നിർമ്മിച്ച് പായ്ക്ക് ചെയ്ത് വിൽക്കുന്ന സ്ഥാപനത്തിൽ പോലും ഇത്തരം സാങ്കേതിക വിദ്യകളെ തന്റെ സംരംഭത്തിന് ഗുണകര മായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. പുതിയ സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്തുന്നതിന് നിരവധി മാർഗങ്ങളുണ്ട്. ഓരോ വിഷയത്തിലും സാങ്കേതിക പരിജ്ഞാനം നൽകുന്ന ഇൻകുബേഷൻ കേന്ദ്രങ്ങൾ ഉണ്ട്. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെറ്റിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, ഐ. ഐ. ടി. കൾ, എൻ. ഐ. ടി. കൾ, എം. പി. ഇ. ഡി. ഐ., കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, ആഗ്രോ പാർക്ക്, മത്സ്യ ഗവേഷണ സ്ഥാപനങ്ങൾ, കിഴങ്ങുവിള ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, മത്സ്യഫെഡ്, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ്, ഫിഷറീസ് കോളേജുകൾ, ഫിഷറീസ് സാങ്കേതിക സ്ഥാപനങ്ങൾ, എൻജിനീയറിങ് കോളേജുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ സാങ്കേതിക ക്ഷമത ഉയർത്തുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ സംഭരണം, സംസ്കരണം, പാക്കേജിങ്, മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണം, ഗുണമേന്മ, വിൽപ്പന, വിൽപ്പനാനന്തര സേവനങ്ങൾ, എന്നിവയിൽ നൂതന സാങ്കേതിക വിദ്യകളെ ഉപയോഗിക്കുന്നതിന് ആവശ്യമായ സഹായം ഇത്തരം ഏജൻസികളിൽ നിന്നും ലഭിക്കുന്നുണ്ട്.

## ദേശീയ അന്തർദേശീയ പ്രദർശനങ്ങൾ

അതുപോലെ തന്നെ ദേശീയ അന്തർദേശീയ പ്രദർശന പരിപാടികളിൽ പങ്കെടുക്കുന്നത് ഈ രംഗത്ത് വലിയ ഗുണം ചെയ്യും. കേന്ദ്രസർക്കാരിന്റെ സബ്സിഡി ആനുകൂല്യങ്ങൾ പോലും ഇത്തരം പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് നൽകിവരുന്നുണ്ട്. സർക്കാരിന്റെയും സർക്കാർ ഏജൻസികളുടെയും നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കുകൾ, ഷെഡുകൾ എന്നിവയിൽ സംരംഭം തുടങ്ങാൻ കഴിഞ്ഞാൽ അതും വലിയ ഗുണകരമായിരിക്കും. ഇപ്പോൾ അതിനുള്ള അവസരങ്ങൾ ധാരാളമുണ്ട്. വൈവിധ്യവൽക്കരണം, ആധുനികവൽക്കരണം, വികസനം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും അവ യാഥാർത്ഥ്യമാക്കുന്നതിനും നിരവധി സാമ്പത്തിക സഹായ പദ്ധതികളും കേന്ദ്ര സംസ്ഥാന സർക്കാർ തലത്തിൽ തന്നെ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം സൗകര്യങ്ങളും സംരംഭകർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. എക്കാലത്തും ഒരുപോലെ ശോഭിക്കുന്ന സംരംഭങ്ങൾ ഉണ്ടാകണമെന്നില്ല. ഒരു സംരംഭം തുടങ്ങിക്കഴിഞ്ഞാൽ വിപണിയിലെ മാറ്റത്തിന് അനുസരിച്ച് പുതിയ ഉൽപ്പന്നങ്ങളെ കുറിച്ച് ചിന്തിക്കണം. ആധുനികവൽക്കരണം/വൈവിധ്യവൽക്കരണം/വികസനം എന്നിവ ഒരു സംരംഭ വികസനത്തിലെ നാഴിക കല്ലുകളാണ്.





**കെ. ഇസ്ഹാഖ്**
കോഴിക്കോട് ജില്ലാ പ്രസിഡന്റ്

# മലബാറിലെ മരവ്യവസായികളുടെ പ്രതീക്ഷകൾ

തെക്ക് നിന്നുള്ള തീവണ്ടി കല്ലായി സ്റ്റേഷനടുക്കുമ്പോൾ കാണുന്നത് പുഴവക്കിൽ കൂട്ടിയിട്ട അസംഖ്യം മര ത്തടികൾ ആയിരുന്നു. മരക്കച്ചവടത്തിന് വിഖ്യാതി യാർജ്ജിച്ച നഗരമായിരുന്നു കോഴിക്കോട്. ലോക ത്തിലെ ഏറ്റവും വലിയ ടിംബർ യാർഡുകളിലൊന്ന് എന്ന പേർ മുമ്പ് കല്ലായിക്കുണ്ടായിരുന്നു. കോഴിക്കോട്ടെ മരക്കമ്പോളം ആരോഗ്യകരമായ കിടമത്സരത്തിനിടയ്ക്ക് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഊഷ്മളത ഭദ്രമായി സൂക്ഷിച്ചിരുന്നത് കൊണ്ട് ഒരു പ്രിയപ്പെട്ട താവളമായി മാറി. അവിസ്മരണീയമായ പല അനുഭവങ്ങളും എനിക്ക് നൽകിയ കോഴിക്കോട്ടെ മരക്കമ്പോളത്തോട് ഞാനും കടപ്പെട്ടിരിക്കുന്നു.

എം.ടി. വാസുദേവൻ നായർ
തണൽ സോവനീർ 2005

കഴിഞ്ഞ ഒരു നൂറ്റാണ്ടിലധികം കാലം കോഴിക്കോട് നഗരത്തിന്റെ സാമൂഹിക ജീവിതത്തിൽ വിസ്മരിക്കാൻ ആവാത്ത അനുഭവങ്ങളാണ് കല്ലായി പുഴയും അതിനോട് ചേർന്ന് വളർന്ന കല്ലായി മരവ്യവസായ മേഖലയും നൽകിയിട്ടുള്ളത്. നഗരത്തിലെ പ്രധാന വ്യവസായി കളുടെ പുതിയ തലമുറയുടെ വേരുകൾ ഏറെയും മര വ്യവസായവുമായി ബന്ധപ്പെട്ടുള്ളതാണ്. സാഹിത്യവും സിനിമയും എല്ലാം ഈ ഭൂമിയോട് ബന്ധപ്പെട്ട കഥ പറയുന്നു. പ്രതാപ കാലത്തിൽ മയങ്ങിക്കിടന്ന മേഖല കാലത്തിനനുസരിച്ച് മാറ്റത്തിന് തയ്യാറാവാതിരുന്നത് കൊണ്ട് തന്നെയാണ് ഇന്നത്തെ അവസ്ഥയിൽ എത്തിയ തെന്ന് പുതിയ തലമുറ തിരിച്ചറിഞ്ഞിരിക്കുന്നു.

അതിന്റെ തുടക്കമാണ് ഇന്ന് കാണുന്ന പുതിയ ആവേശം നിലവിലെ സംരംഭങ്ങൾ വിജയിപ്പിക്കുന്നതിന് ശക്ത മായ ഒരു കൂട്ടായ്മ പിറവിയെടുത്തിരിക്കുന്നു. തീർച്ച യായും പഴയ പ്രതാപ കാലത്തേക്കുള്ള തിരിച്ചു പോക്കാണ് ഈ കിനാവുകൾ.

മര വ്യവസായികൾക്ക് ഗ്രാൻഡ് നൽകിയ ഭൂമിയുടെ തർക്കത്തിന് പരിഹാരം ഉണ്ടാക്കണം. കല്ലായി പുഴയോരത്ത് മര വ്യവസായം നടത്തുന്ന ഭൂമി സംബന്ധിച്ച തർക്കം വർഷങ്ങളായി നടന്നുവരുന്നതും ഹൈക്കോടതിയിൽ 140 ൽ പരം റിട്ട് ഹർജികൾ നിലവിലുള്ളതുമാണ്. ബ്രിട്ടീഷ് ഭരണകാലത്ത് കല്ലായിപ്പുഴയിൽ മഴക്കാലത്ത് അഴിമുഖത്ത് മണ്ണടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുകയും ഈ സമയത്ത് അടഞ്ഞ ബാർ തുറക്കുന്നത് ജില്ലാ ഭരണകൂടത്തിന് വലിയ സാമ്പത്തിക ബാധ്യത വരുന്ന പ്രശ്നമായിരുന്നു. പുഴയിൽ ധാരാളമായി മരം സൂക്ഷിക്കുന്നതാണ് ഒഴുക്ക് തടസ്സപ്പെടാൻ കാരണമെന്ന് ജനങ്ങളും അധികാരി കളും കരുതിയിരുന്നു. മലബാർ ജില്ലാ കലക്ടറുടെ മരവ്യാപാരികളുമായി നടന്ന ചർച്ച പരാജയപ്പെട്ടപ്പോൾ 1893 മദിരാശി ഗവർണർ തന്നെ കേരളത്തിൽ എത്തുകയും മരക്കച്ചവടക്കാർ കൈവശം വച്ച ഭൂമിക്ക് പാട്ടം ഏക്കറിന് 2 രൂപ ശാശ്വത പാട്ടം നിരക്ക് നിശ്ചയിക്കുകയുണ്ടായി. അതോടൊപ്പം ഒരു പൊതു ഫണ്ടിലേക്ക് 1000 രൂപ സ്വരൂപിച്ചു നൽകണമെന്നും അത് അടഞ്ഞ ബാർ തുറക്കുന്നതിന് ഉപയോഗിക്കാൻ കരാറിൽ ഏർപ്പെടുകയുണ്ടായി. എന്നാൽ വർഷങ്ങൾ കഴിഞ്ഞപ്പോൾ ബാർ അടയാതെ ആവുകയും നിലവിലെ പാട്ടം 2 രൂപ മാത്രമായപ്പോൾ പാട്ടം



വർദ്ധിപ്പിക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായി. എന്നാൽ മലബാർ കലക്ടറും മദിരാശി ഹൈക്കോടതിയും ക്രൗൺ ഗ്രാൻഡ് നൽകിയ ഭൂമിക്ക് പാട്ടം വർദ്ധിപ്പിക്കാൻ ആകില്ലെന്ന് നിലപാട് സ്വീകരിച്ചു. 100 രൂപയായി വർദ്ധിപ്പിച്ച ഉത്തരവുകൾ 1952 ൽ ഹൈക്കോടതി തടയുകയുണ്ടായി. അന്നുമുതൽ ഈ തർക്കം തുടരുകയാണ്. 2007 ൽ കൈവശരേഖ നൽകുന്നത് നിർത്തിയ നടപടിക്കെതിരെ വ്യവസായികളുടെ പെറ്റീഷനിൽ നൽകാൻ 2015ൽ സർക്കാർ ഉത്തരവിട്ടെങ്കിലും അന്തമില്ലാത്ത വ്യവഹാരത്തിൽ വിഷയം തീരാതെ മുന്നോട്ടു പോവുകയാണ്. ഫർണിച്ചർ ഹബ്ബിനൊപ്പം ഈ വിഷയത്തിൽ കൂടെ സർക്കാർ പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

## കല്ലായ് ഫർണിച്ചർ ഹബ്ബ് യാഥാർത്ഥ്യമാകുമോ?

ഒന്നാം പിണറായി സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഫർണിച്ചർ ഹബ്ബ് എന്ന ആശയം വളരെ ഏറെ പുരോഗമനപരവും സംസ്ഥാനത്തെ മരാധിഷ്ഠിത വ്യവസായികൾക്ക് ഏറെ പ്രതീക്ഷ നൽകുന്നതായിരുന്നു. സംസ്ഥാനത്ത് ഫർണിച്ചർ മേഖലയിൽ ഏറെ സംരംഭകർ ഉള്ളതും മലബാർ മേഖലയിൽ ആയതുകൊണ്ട് തന്നെ ഇത്തരത്തിൽ ഒരു പദ്ധതിക്ക് ഏറെ അനുകൂലമായ സ്ഥലം രാജ്യാന്തര പ്രശസ്തമായിരുന്ന കോഴിക്കോട് കല്ലായി ആണെന്ന കാര്യത്തിൽ സംശയമില്ല. കല്ലായിയുടെ പാരമ്പര്യം സംരക്ഷിച്ചുകൊണ്ട് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഏറ്റവും ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ തയ്യാറാക്കി രാജ്യത്തിനകത്തും പുറത്തും പ്രത്യേകിച്ച് യൂറോപ്പ് യു.എസ്. മാർക്കറ്റ് ലക്ഷ്യമാക്കി കേരളത്തെ ഒരു ഗ്ലോബൽ ഫർണിച്ചർ ഹബ്ബാക്കി മാറ്റാനുള്ള സാധ്യത ഏറെയാണ്. ഇതിലൂടെ നേരിട്ടും പരോക്ഷമായും ആയിരക്കണക്കിന് തൊഴിലവസരങ്ങൾ ഉണ്ടാകുന്നതും കേരള ഇക്കോണമിക്ക് വളരെ വലിയ ഉത്തേജനം നൽകുന്നതാവും നിർദ്ദിഷ്ട പദ്ധതി. സർക്കാരിന്റെ ഇത്തരത്തിലുള്ള ആശയത്തിന്റെ താൽപ്പര്യം മനസ്സിലാക്കി കല്ലായിലെ വ്യവസായികൾ ഒരു പദ്ധതി രേഖ സർക്കാരിന് സമർപ്പിച്ചിരുന്നു. വ്യവസായ വകുപ്പ് താൽപ്പര്യമെടുത്ത് ചില ചർച്ചകൾ നടന്നുവെങ്കിലും ഇടയിൽ കോവിഡ്കാലം കടന്നുവന്നതിനാൽ കാര്യമായ പുരോഗതി ഉണ്ടായില്ല. KSSIA മഹാ വ്യവസായ സംഗമത്തിൽ പങ്കെടുക്കാൻ എത്തിയ അന്നത്തെ പ്രതിപക്ഷ നേതാവും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. വി.ഡി. സതീശനോട് ഈ പദ്ധതിയുടെ സാദ്ധ്യതകൾ വ്യവസായികൾ ധരിപ്പിക്കുകയുണ്ടായി. ഏറെ താൽപ്പര്യമെടുത്ത് കേട്ട ശേഷം ആവശ്യമായ സഹായം നൽകാമെന്ന് ഉറപ്പ് നൽകുകയുണ്ടായി. അദ്ദേഹം മുഖ്യമന്ത്രിയായ ശേഷം പദ്ധതി രേഖ വീണ്ടും സമർപ്പിച്ച് വ്യവസായികൾ കാത്തിരിക്കുകയാണ്.

## എന്തുകൊണ്ട് കല്ലായി അനുകൂലമാകുന്നു?

ഒരു നൂറ്റാണ്ടിലധികം പാരമ്പര്യമുള്ള മര വ്യവസായ മേഖലയാണ് കല്ലായി. പഴയ പ്രതാപത്തിന് മങ്ങലേറ്റെങ്കിലും ഇന്ന് ആയിരങ്ങൾ ഇവിടെ പ്രവർത്തിയെടുക്കുന്നു. അവരുടെ പാരമ്പര്യ അറിവ് ഏറ്റവും പ്രധാനമാണ്. അതുകൊണ്ടുതന്നെ ഇത് ഒരു ഫർണിച്ചർ ഹബ്ബ് ആയി പുനരുജ്ജീവിപ്പിക്കാൻ അനുയോജ്യമായ സാഹചര്യമാണ് നിലവിലുള്ളത്. മേഖലയിലെ തടി വ്യവസായികളുടെ സോമില്ലുകളും നിരവധിയായ പാണ്ടികശാലകളും ഭൂമിയും ഇതിന് ഉപയോഗപ്പെടുത്താം. കല്ലായിയെ അന്താരാഷ്ട്ര ഫർണിച്ചർ നിർമ്മാണ കയറ്റുമതി കേന്ദ്രമാകുന്നതിന് അനുകൂലമായ നിരവധി ഘടകങ്ങൾ ഉണ്ട്. ഏറ്റവും കൂടുതൽ പാഴ്മരങ്ങൾ എത്തുന്ന വലിയ വിപണിയാണ് കല്ലായി. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഗുണമേന്മയുള്ള ഫർണിച്ചർ നിർമ്മിക്കാൻ ഈ മരങ്ങൾ ഉപയോഗപ്പെടുത്തിയാൽ അത് സംസ്ഥാനത്തെ മര വ്യവസായത്തിന്റെ ഗതിതന്നെ മാറ്റുന്നതായി മാറുമെന്ന കാര്യത്തിൽ സംശയമില്ല.

പാഴ്മരങ്ങളിൽ നിന്ന് ആന്റിക് ഫർണിച്ചർ നിർമ്മിച്ച വലിയ വിജയം നേടിയ രാജസ്ഥാനിലെ ജോധ്പൂർ ഫർണിച്ചർ വിദേശ വിപണിയിൽ വലിയ സ്വീകാര്യത നേടിയത് മികച്ച ഉദാഹരണമാണ്. ഫർണിച്ചർ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് ട്രെയിനിങ് പ്രോഗ്രാമുകൾ അന്താരാഷ്ട്ര ടെക്നോളജി സഹകരണം ഇറ്റലി, ജർമ്മനി പോലുള്ള രാജ്യങ്ങളിലെ ഡിസൈനുകൾ, സർട്ടിഫിക്കേഷൻ പ്രോഗ്രാമുകൾ എന്നിവ ഉപയോഗപ്പെടുത്തി സർക്കാർ സഹായത്തോടെ ഒരു മികച്ച കേരള ബ്രാൻഡ് കണ്ടെത്താനാവുമെന്ന് വ്യവസായികൾ വിശ്വസിക്കുന്നു. അതോടൊപ്പം പരമ്പരാഗതമായ കല്ലായി വ്യവസായ മേഖലയുടെ Revival സാധ്യമാകുന്നതാണ്. വ്യവസായികൾ നൽകിയ പദ്ധതി രേഖയോടൊപ്പം സംസ്ഥാന സർക്കാരിന് വലിയ സാമ്പത്തിക ബാധ്യത വരാത്ത വിധം പദ്ധതിക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം മാത്രം ഒരുക്കിയാൽ മതിയാകും. ആവശ്യമായ മുതൽ മുടക്കിന് തയ്യാറായി മേഖലയിലെ വ്യവസായികൾ മുന്നോട്ടുവന്നിട്ടുണ്ട്. നിലവിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയും, കോഴിക്കോട്ടെ Sidco യുടെ Wood വർക്ക്ഷോപ്പ് പോലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയുള്ള പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനാണ് വ്യവസായികൾ ആഗ്രഹിക്കുന്നത്. മലബാർ മേഖലയിൽ അസംഘടിതരായി പരമ്പരാഗതമായ രീതിയിൽ നടന്നുവരുന്ന നിരവധിയായ ഫർണിച്ചർ MSME യൂണിറ്റുകളെ ഒരു കുടക്കീഴിൽ പരിശീലനം നൽകി ആധുനിക ഫർണിച്ചർ ഉത്പാദന സംരംഭകരാക്കാനുള്ള പദ്ധതിയിൽ സർക്കാരിന്റെ സഹായമാണ് നിലവിലെ വ്യവസായികൾ തേടുന്നത്. നിലവിൽ നടന്നുവരുന്ന സ്ഥാപനങ്ങൾക്കും ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി മുന്നോട്ടു പോകാനുള്ള പാത ഒരുക്കാനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട അധികാരികളിൽ നിന്നുണ്ടാകണം.

## നിക്ഷേപ സൗഹൃദം, സുസ്ഥിര വികസനം :

# മാറും കേരളത്തിന്റെ വ്യവസായിക മുഖച്ഛായ

കേരളത്തിന്റെ വികസനത്തെക്കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും വിദ്യഭ്യാസം, ആരോഗ്യം, സാമൂഹിക പുരോഗതി എന്നീ മേഖലകളിലെ നേട്ടങ്ങളെ കേന്ദ്രീകരിച്ചാണ് നടക്കാറുള്ളത്. എന്നാൽ ഇന്ന് സംസ്ഥാനം മറ്റൊരു നിർണ്ണായ വഴിത്തിരിവിലൂടെയാണ് കടന്നുപോകുന്നത്. അറിവും വൈദഗ്ധ്യവും മനുഷ്യവിഭവശേഷിയും സമൃദ്ധമായി ലഭ്യമായ ഈ നാട് ഇന്ത്യയിലെ ഏറ്റവും ആധുനികവും സുസ്ഥിരവുമായ വ്യവസായിക കേന്ദ്രങ്ങളിലൊന്നായി മാറാൻ കഴിയുമോ എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് കേരളം തേടുന്നത്. ലോക സമ്പദ്‌വ്യവസ്ഥ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സാങ്കേതിക വിദ്യയും നവീകരണവും ആഗോള നിക്ഷേപവും വികസനത്തിന്റെ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുമ്പോൾ, കേരളവും തന്റെ സാമ്പത്തിക ഭാവിയെ പുതുക്കി നിർവ്വചിക്കാനുള്ള ശ്രമത്തിലാണ്.

പൊതുമേഖല സാമൂഹിക പ്രതിബദ്ധതയും വികസന പാരമ്പര്യവും സംരക്ഷിച്ചുകൊണ്ട്, സ്വകാര്യ നിക്ഷേപത്തെയും, ആഗോള മൂലധനത്തെയും, ഭാവി സാങ്കേതിക വിദ്യകളെയും സ്വാഗതം ചെയ്യുന്ന ഒരു പുതിയ വികസന കാഴ്ചപ്പാടാണ് സംസ്ഥാനത്ത് രൂപം കൊള്ളുന്നത്.



കേരളത്തിന്റെ വ്യവസായ ഭാവിയെക്കുറിച്ചുള്ള ചർച്ചകൾ ഇന്ന് കേവലം ഫാക്ടറികളുടെയും വ്യവസായ പാർക്കുകളുടെയും നിർമ്മാണത്തിൽ ഒതുങ്ങുന്നില്ല. മറിച്ച്, ഉയർന്ന മൂല്യവർധിത ഉത്പ്പാദനവും വിജ്ഞാനധിഷ്ഠിത സമ്പദ്‌വ്യവസ്ഥയും സുസ്ഥിര വികസനവും ഒരുമിച്ചു ചേരുന്ന ഒരു പുതിയ വളർച്ചാ മാതൃകയെക്കുറിച്ചാണ് അവ പറയുന്നത്. പരമ്പരാഗത വ്യവസായങ്ങളെ മാത്രം ആശ്രയിക്കുന്നതിൽ നിന്ന് മാറി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബയോടെക്നോളജി, ഗ്രീൻ എനർജി, ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ, വ്യോമയാനം, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിൽ രൂപം കൊള്ളുന്ന പദ്ധതികൾ കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പുതിയ ദിശാബോധം നൽകുന്നതോടൊപ്പം, സംസ്ഥാനത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ കൂടുതൽ ശ്രദ്ധേയമാക്കാനുള്ള സാധ്യതകളും സൃഷ്ടിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണവും ഈ മാറ്റത്തിന്റെ പ്രധാന ഘടകമാണ്. ആരോഗ്യകരമായ മത്സരക്ഷമത വളർത്തുകയും പുതിയ ഉത്പ്പന്നങ്ങളും വിപണികളും കണ്ടെത്തുകയും ചെയ്തതിന്റെ ഫലമായി ചില പൊതുമേഖലാ സ്ഥാപനങ്ങൾക്ക് റെക്കോർഡ് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അതേ സമയം, സ്വകാര്യ നിക്ഷേപങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന സമീപനം വ്യവസായ വളർച്ചയ്ക്കുള്ള പുതിയ അവസരങ്ങൾ തുറക്കുകയാണ്. വ്യവസായത്തിനും നിക്ഷേപത്തിനും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ, സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ കൂടുതൽ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളാണ് നടക്കുന്നത്.

വ്യോമയാന മേഖല കേരളത്തിന്റെ ഭാവി വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കാൻ സാധ്യതയുള്ള മേഖലയാണ്. ആധുനിക പൈലറ്റ് പരിശീലന കേന്ദ്രങ്ങൾ, വിമാന പരിപാലന - അറ്റകുറ്റപ്പണി സേവനങ്ങൾ, വിമാനത്താവള കേന്ദ്രീകൃത സാമ്പത്തിക മേഖലകൾ എന്നിവ യാഥാർത്ഥ്യമാക്കിയാൽ, കേരളത്തെ ദക്ഷിണേന്ത്യയിലെ പ്രധാന ഏവിയേഷൻ ഹബ്ബുകളിലൊന്നായി ഉയർത്താൻ കഴിയും. ഇതിലൂടെ നേരിട്ടുള്ള തൊഴിൽ അവസരങ്ങൾ മാത്രമല്ല ലോജിസ്റ്റിക്സ്, വ്യാപാരം, ടൂറിസം, സേവന മേഖലകൾ എന്നിവയ്ക്കും വലിയ ഉത്തേജനം ലഭിക്കും. അതോടൊപ്പം ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ, ഡാറ്റാ സെന്ററുകൾ, ഐ. ടി. പാർക്കുകൾ എന്നിവയുടെ വളർച്ച സംസ്ഥാനത്തിന്റെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തും. ലോകോത്തര കമ്പനികളെ ആകർഷിക്കുന്നതിനോടൊപ്പം, ഉയർന്ന വൈദഗ്ധ്യമുള്ള യുവജനങ്ങൾക്ക് സംസ്ഥാനത്തിനകത്ത് തന്നെ മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇത്തരം പദ്ധതികൾ സഹായമാകും.

കേരളത്തിന്റെ പ്രകൃതി വിഭവങ്ങളും ഭാവി വ്യവസായ വികസനത്തിന് പുതിയ സാധ്യതകൾ തുറക്കുന്നു. ഇൽമനൈറ്റ്, മോണോസൈറ്റ് തുടങ്ങിയ ധാതു വിഭവങ്ങളുടെ ശാസ്ത്രീയവും മൂല്യവർദ്ധിതവുമായ വിനിയോഗം സാധ്യമായാൽ, ഇലക്ട്രോണിക്സ്, ബഹിരാകാശം, പ്രതിരോധം, നവീന സാങ്കേതിക വിദ്യകൾ എന്നിവയുടെ ആഗോള ഉത്പ്പാദന ശൃംഖലകളിൽ കേരളത്തിന് നിർണ്ണായക സ്ഥാനം നേടാൻ കഴിയും. പ്രകൃതി വിഭവങ്ങളുടെ ഉപയോഗവും പരിസ്ഥിതി സംരക്ഷണവും തമ്മിൽ സന്തുലിതാവസ്ഥ പാലിക്കുന്ന വികസന മാതൃകയാണ് ഇവിടെ പ്രസക്തമാകുന്നത്.

ഭാവി കേരളത്തിന്റെ വളർച്ചയിൽ സ്റ്റാർട്ടപ്പുകളും ചെറുകിട - ഇടത്തരം സംരംഭങ്ങളും നിർണ്ണായക പങ്കുവഹിക്കും. മെന്ററിംഗ്, ധനസഹായം, ഗവേഷണ പിന്തുണ, വേഗത്തിലുള്ള അനുമതികൾ എന്നിവ ലഭ്യമാകുന്ന ഒരു അന്തരീക്ഷം രൂപപ്പെടുമ്പോൾ, നവീന ആശയങ്ങൾ വേഗത്തിൽ സംരംഭങ്ങളായി മാറാൻ കഴിയും. ഇത് യുവജനങ്ങളിൽ സംരംഭകത്വ മനോഭാവം വളർത്തുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും. ത്രീഡി പ്രിന്റിംഗ്, റോബോട്ടിക്സ്, ബയോടെക്നോളജി, ഹരിത ഊർജ്ജം, ഇലക്ട്രോണിക്സ്, ബഹിരാകാശ ഘടക നിർമ്മാണം തുടങ്ങിയ ഭാവി വ്യവസായ മേഖലകളിൽ കേരളം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ഇതിന്റെ ഭാഗമായാണ് കാണേണ്ടത്.

കാർഷിക - ഭക്ഷ്യ മേഖലയിലെ മൂല്യവർധനവും സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് പുതിയ കരുത്താകാൻ സാധ്യതയുണ്ട്. കശുവണ്ടി, പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കാപ്പി തുടങ്ങിയവ കേരളത്തിന്റെ തനത് ഉത്പ്പന്നങ്ങളെ ആഗോള വിപണിയിലേയ്ക്ക് കൂടുതൽ മൂല്യവർദ്ധിത രൂപത്തിൽ എത്തിയ്ക്കാൻ കഴിഞ്ഞാൽ, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയ ഉണർവ് ലഭിക്കും. ഭക്ഷ്യ സംസ്കരണ മേഖലയിലെ നിക്ഷേപങ്ങളും കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങളും ഈ സാധ്യതകളെ കൂടുതൽ വിപുലപ്പെടുത്തും.

സുസ്ഥിര വികസനവും നിക്ഷേപവും ഒരുമിച്ച് മുന്നോട്ടു കൊണ്ടുപോകുന്ന സമീപനമാണ് കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. ഗ്രീൻ എനർജി, ഗ്രീൻ ഹൈഡ്രജൻ, ഡാറ്റാ സെന്ററുകൾ, മെഡിക്കൽ വ്യവസായം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിലേയ്ക്കുള്ള നിക്ഷേപങ്ങൾ ഈ മാറ്റത്തിന്റെ സൂചനകളാണ്. പരിസ്ഥിതി - സാമൂഹിക - ഭരണ മാനദണ്ഡങ്ങൾക്ക് പ്രാധാന്യം നല്കുന്ന വികസന കാഴ്ചപ്പാട് ആഗോള നിക്ഷേപകരുടെ ശ്രദ്ധ കേരളത്തിലേയ്ക്ക് കൂടുതൽ ആകർഷിക്കുന്ന ഘടകമായി മാറിയിട്ടുണ്ട്. അതോടൊപ്പം നിക്ഷേപ സൗഹൃദ നയങ്ങളും ലളിതമായ അനുമതി നടപടികളും ഡിജിറ്റൽ സേവനങ്ങളും സംസ്ഥാനത്തിന്റെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നു.




സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വ്യവസായ ഭൂപടത്തെ കൂടുതൽ വൈവിധ്യപൂർണ്ണമാക്കുന്നു. തിരുവനന്തപ്പുരത്ത് ഏറോ -ഡിഫൻസ് ആൻഡ് ഡ്രോൺ ഇൻഡസ്ട്രിയൽ ക്ലസ്റ്ററും മെഡിക്കൽ ബയോടെക് ഹബ്ബും, കോഴിക്കോട് - മലപ്പുറം മേഖലയിൽ ബയോടെക് ആൻഡ് ലൈഫ് സയൻസ് ക്യാമ്പസും ഇ. എസ്. ഡി. എം. കേന്ദ്രങ്ങളും, തൃശ്ശൂരിലെ റോബോട്ടിക്സ് പാർക്കും, ജെം ആൻഡ് ജ്വല്ലറി പാർക്കും, കോട്ടയത്തെ മെഗാ ഇൻഡസ്ട്രിയൽ സിറ്റിയും, പാലക്കാട്ടെ ഗ്രാഫീൻ അധിഷ്ഠിത സംരംഭങ്ങളും, കൊല്ലത്തെ മെഗാ ഫുഡ് പാർക്കും, ആലപ്പുഴയിലെ മാരിടൈം പാർക്കും, വയനാട്ടിലെ കോഫി പാർക്കും, എല്ലാം ചേർന്ന് കേരളത്തിന്റെ വ്യവസായ സാധ്യതകളുടെ വ്യാപ്തി വ്യക്തമാക്കുന്നു.

വ്യവസായ വികസനം എന്നത് കെട്ടിടങ്ങളും പദ്ധതികളും മാത്രം സൃഷ്ടിക്കുന്ന പ്രക്രിയയല്ല; അത് മനുഷ്യ വിഭവ ശേഷിയെയും അറിവിനെയും നവീകരണ ശേഷിയെയും ഭാവിയിലേയ്ക്ക് നയിക്കുന്ന ഒരു കൂട്ടായ ശ്രമമാണ്. അതുകൊണ്ടുതന്നെ സ്കൂൾ തലം മുതൽ ഉന്നത വിദ്യാഭ്യാസം വരെ ഭാവിയിലെ വ്യവസായിക ആവശ്യങ്ങൾക്കനുസൃതമായ നൈപുണ്യ വികസനത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. സാങ്കേതികവിദ്യ, നിക്ഷേപം, വിദ്യാഭ്യാസം, ഗവേഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയെ സമന്വയിപ്പിക്കുന്ന വികസന സമീപനം വിജയകരമാകുകയാണെങ്കിൽ, കേരളം സാമൂഹിക വികസനത്തിന്റെ മാതൃക എന്നതിലുപരി സുസ്ഥിരവും വിജ്ഞാനാധിഷ്ഠിതവും ആഗോള മത്സരക്ഷമതയുള്ള ഒരു വ്യാവസായിക ശക്തികേന്ദ്രമായും ഉയർന്നുവരും. ഇന്ത്യയുടെ വ്യവസായ ഭൂപടത്തിൽ സ്വന്തം തനിമയുള്ള ഒരു പുതിയ അധ്യായം എഴുതാനുള്ള അവസരമാണ് ഇന്ന് കേരളത്തിന് മുന്നിലുള്ളത്.

**കെ. എസ്. ഐ. ഡി. സി.**

# ജില്ലാ വാർത്തകൾ



കേരളത്തിലെ ചെറുകിട വ്യവസായികൾ അഭിമുഖീകരിക്കുന്ന ദൈനംദിന പ്രശ്നങ്ങൾ അടങ്ങിയ നിവേദനം കെ. എസ്. എസ്. ഐ. എ. സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ കേരള മുഖ്യമന്ത്രി ശ്രീ. വി. ഡി.സതീശൻ അവർകൾക്ക് കൈമാറിയപ്പോൾ.



വനം വന്യജീവി നൈപുണ്യ വികസന വകുപ്പ് മന്ത്രി ശ്രീ ഷിബു ബേബി ജോണിനെ മന്ത്രിയുടെ ഓഫീസിൽ വച്ചു KSSIA സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ അനുമോദന കത്തും മെമ്മോറാണ്ടവും കൈമാറുന്നു.



തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് നടക്കുന്ന WORLD MSME DAY ആഘോഷ പരിപാടിയിലേക്കും, മന്ത്രിമാർക്കുള്ള സ്വീകരണ ചടങ്ങിലേക്കും ക്ഷണിക്കുന്നതിനായി KSSIA സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട ബഹു. വ്യവസായ വാണിജ്യ, ഐ ടി വകുപ്പ് മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവർകളെ സന്ദർശിച്ചപ്പോൾ. സൗത്ത് സോൺ വൈസ് പ്രസിഡന്റ് ശ്രീ. എ ഫസലുദ്ദീനും തദവസരത്തിൽ സന്നിഹിതനാ യിരുന്നു



തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് നടക്കുന്ന WORLD MSME DAY ആഘോഷ പരിപാടിയിലേക്കും, മന്ത്രിമാർക്കുള്ള സ്വീകരണ ചടങ്ങിലേക്കും ക്ഷണിക്കുന്നതിനായി KSSIA സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പൈകട വനം വന്യജീവി നൈപുണ്യ വികസന വകുപ്പ് മന്ത്രി ശ്രീ. ഷിബു ബേബി ജോണിനെ സന്ദർശിച്ചപ്പോൾ.

# ജില്ലാ വാർത്തകൾ


കെ. എസ്. എസ് ഐ. എ കൊല്ലം ജില്ലാ ഘടകത്തിന്റെ ക്ഷണം സ്വീകരിച്ചു വന്ന ബഹു. കൊല്ലം ജില്ലാ കളക്ടർ ശ്രീമതി. ആനി ജൂല തോമസ് അവർകളെ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദീൻ അവർകൾ കെ. എസ്. എസ് ഐ. എ യുടെ ആദരവായി മൊമെന്റോ നൽകി ആദരിക്കുന്നു.



പാലക്കാട് ജില്ല കളക്ടറായി ചാർജ്ജ് എടുത്ത ശ്രീ. കെ സുധീർ ഐ.എ.എസ്. അവർകളെ പാലക്കാട് ജില്ല ഭാരവാഹികൾ കളക്ടറേറ്റിൽ ചെന്ന് അനുമോദി ക്കുന്നു.


കോഴിക്കോട് ജില്ലാ ഭാരവാഹികൾ ബഹുമാനപ്പെട്ട വ്യവസായ വാണിജ്യവകുപ്പ് മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവർകളോടൊപ്പം.


കണ്ണൂർ ജില്ലാ കളക്ടറായി ചാർജ്ജെടുത്ത ശ്രീ. പി. വിഷ്ണുരാജ് ഐ. എ. എസ്. അവർകളെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജോസഫ് പൈകട, കണ്ണൂർ ജില്ലാ പ്രസിഡന്റ് ശ്രീ. സി.അബ്ദുൽ കരീം എന്നിവരുടെ നേതൃത്വത്തിൽ കെ എസ് എസ് ഐ എ പ്രതിനിധി സംഘം സന്ദർശിച്ചപ്പോൾ.


RBI റീജണൽ ഓഫീസ് കൊച്ചി റിനെയിൽ 22/06/2026 ഇൽ സംഘടിപ്പിച്ച ചെറുകിട വ്യവസായികൾക്കുള്ള ബോധവൽക്കരണ പരിപാടി RBI ഗവർണർ ശ്രീ. സഞ്ജയ് മൽഹോത്ര ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. പ്രസ്തുത ചടങ്ങിൽ സെൻട്രൽ സോൺ വൈസ് പ്രസിഡന്റ് ശ്രീ. പി.ജെ ജോസിന്റെ നേതൃത്വത്തിൽ കെ. എസ്. എസ്. ഐ. എ പ്രതിനിധികളും പങ്കെടുത്തു.



KSSIA മുൻ കൊല്ലം ജില്ലാ പ്രസിഡണ്ടായിരുന്ന ശ്രീ ലിജിൻ കെ. ജി. അവർ കളെ KSEBയുടെ Southern regionന്റെ Consumer Grivance Redressel ഫോറത്തിൽ ഒരു മെമ്പറായി നിയമിതനായതിൽ അദ്ദേഹത്തിനെ കൊല്ലം ജില്ലാ പ്രസിഡന്റ് ശ്രീ. എം. ജവഹർ അവർകളുടെ സാന്നിദ്ധ്യത്തിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദീൻ അവർകൾ പൊന്നാട അണിയിച്ച് ആദരിക്കുകയും അഭിനന്ദങ്ങൾ അറിയിക്കുകയും ചെയ്തു.

# KSSIA NEWS

വ്യവസായ മാസിക

www.kssia.com | kssianews@gmail.com | e-magazine



## നിങ്ങളെ അറിയാത്തവർ ഇനിയും ഉണ്ടോ?

## KSSIA - യിൽ പറയൂ

[www.kssia.com | kssianews@gmail.com
e-magazine

**Cover**
**(PREMIUM PAGES)**

Front Page Bottom (Colour);
**Rs.18,000/-**

Full Back Page (Colour);
**Rs.20,000/-**

**Cover**
**(INSIDE PAGES)**

Full Back Page Inside (Colour);
**Rs.15,000/-**

Full Front-Page Inside (Colour);
**Rs.15,000/-**

**Inside**
**(PARTIAL PAGES)**

Full Page inside (Colour): **Rs.13,500/-**

Half Page Inside (Colour); **Rs.7,500/-**

Quarter Page Inside (Colour);
**Rs.4,500/-**

ഇന്നു തന്നെ വിളിക്കൂ

**+91 94963 60300**

Rates are excluding GST. GST extra at applicable rate.

KSSIA
THE KERALA STATE SMALL INDUSTRIES ASSOCIATION

25th June, 2026, Kalamassery
Regn. No. KERBIL/2005/23143
KSSIA NEWS
Journal of The Kerala State Small Industries Association
Price ₹ 5.00




Publisher **A.Nizarudeen** and Printer Rajesh G. on behalf of The Kerala State Small Industries Association (KSSIA), X/26 A, HMT Industrial Estate, HMT Colony P.O., Kalamassery - 683 503, Phone: 94477 10078, Email: kssiastate@gmail.com, and Printed at Rajsree Industrial Printer, Edayar, Muppathadam, Ernakulam. Ph: 98957 03837 and published at HMT Industrial Estate, Kalamassery, Ernakulam District. Editor: S. Salim.